بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ    نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 8

ലക്കം 44-45

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadr.in

2023 നവംബർ 2-9/ ഹി.ശം 1402 നുബുവ്വത്ത് 2-9/ റബീഉസ്സാനി 17-24


## അല്ലാഹുവിന്റെ വചനം

وَلَقَدْ صَرَّفْنَا فِيْ هٰذَا الْقُرْاٰنِ لِلنَّاسِ مِنْ كُلِّ مَثَلٍ ۭ وَكَانَ الْاِنْسَانُ اَكْثَرَ شَيْءٍ جَدَلًا ﴿٥٥﴾

നാം ഈ ഖുർആനിൽ മനുഷ്യർക്കു വേണ്ടി എല്ലാ ഉപമകളും വിവിധ രൂപത്തിൽ വശദീകരിച്ചുകൊടുത്തിട്ടുണ്ട്. മനുഷ്യൻ ഏറ്റവുമധികം തർക്കിക്കുന്ന പ്രകൃതക്കാരനത്രെ.

(വിശുദ്ധ ഖുർആൻ 18:55)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

**ആരാണോ അല്ലാഹുവിനുവേണ്ടി വഖ്ഫു ചെയ്യുന്നത്-അവൻ നിരാലംബനാകുക എന്നതുണ്ടാകുകയില്ല, ഒരിക്കലുമൊരിക്കലും ആകുകയില്ല. പ്രത്യുത ദീനിനും അല്ലാഹുവിനുംവേണ്ടി ചെയ്യുന്ന സമർപണം മനുഷ്യനെ സമർഥനും മിടുക്കുള്ളവനുമാക്കിത്തീർക്കുന്നു. അലസതയും മടിയും അവന്റെയടുത്തു വരികയില്ല. നമ്മുടെ ആദരണീയനായ നബി(സ)തിരുമേനി എപ്പോഴും കഴിവില്ലായ്മയിൽനിന്നും അലസതയിൽ നിന്നും അഭയം തേടാറുണ്ടായിരുന്നു. ഞാൻ വീണ്ടും പറയുകയാണ്, അലസരാകരുത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

അല്ലാഹു നല്കിയ റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ്വഫിൽ ആഖിറത്തി ഹസനത്തൻ വ്വഖിനാ അദാബന്നാരി(2:202) എന്ന ദുആയിലും ദുൻയാവിനെ മുന്തിച്ചിരിക്കുന്നു. പക്ഷേ, ഏതു ദുൻയാവിനെ? ഹസനത്തുദ്ദുൻയാവിനെ!അതായത് ഇഹലോകത്തെ നന്മകളെ. അത് പരലോകത്ത് നന്മകൾക്ക് നിമിത്തമായിത്തീരുമാറാകണം. ഈ ദുആയുടെ അധ്യാപനംകൊണ്ട് വ്യക്തമായും മനസ്സിലാകുന്നത് ദുൻയാവ് കരസ്ഥമാക്കുമ്പോൾ പരലോകത്തെ നന്മകളുടെ ചിന്ത ഉണ്ടായിരിക്കണമെന്നാണ്. അതിനോടൊപ്പം ഹസനത്തുദ്ദുൻയാ എന്ന പദത്തിൽ ഒരു മുഅ്മിനായ മുസ്‌ലിമിന് ദുൻയാവ് കരസ്ഥമാക്കാൻ അതിന്റെ ആ എല്ലാ ഉത്തമമായ മാർഗങ്ങളും സ്വീകരിക്കേണ്ടതാണെന്ന് പറയപ്പെട്ടിരിക്കുന്നു. ദുൻയാവിനെ എതു മാർഗത്തിൽ കരസ്ഥമാക്കണമെന്നാൽ, അതു സ്വീകരിക്കുന്നതുകൊണ്ട് നന്മയും ഗുണവും മാത്രമുണ്ടാകണം. മറ്റേതെങ്കിലും മനുഷ്യന് ബുദ്ധിമുട്ടുണ്ടാക്കുന്നതിന് നിമിത്തമാകുന്ന മാർഗമാകരുത്. സജാതീയമായവർക്ക് ഏതെങ്കിലും അപമാനത്തിനും അപകീർത്തിക്കും കാരണമാകരുത്. അത്തരം ദുൻയാവ് നിസ്സംശയം ഹസനത്തുൽ ആഖിറത്തിന് നിമിത്തമാകുന്നതായിരിക്കും.

അതുകൊണ്ട് ഓർക്കുക!ആരാണോ അല്ലാഹുവിനുവേണ്ടി വഖ്ഫു ചെയ്യുന്നത്-അവൻ നിരാലംബനാകുക എന്നതുണ്ടാകുകയില്ല, ഒരിക്കലുമൊരിക്കലുമുണ്ടാകുകയില്ല. പ്രത്യുത ദീനിനും അല്ലാഹുവിനുംവേണ്ടി ചെയ്യുന്ന സമർപണം മനുഷ്യനെ സമർഥനും മിടുക്കുള്ളവനുമാക്കിത്തീർക്കുന്നു. അലസതയും മടിയും അവന്റെയടുത്തു വരികയില്ല. ഹദീഥിൽ വന്നിരിക്കുന്നു, അമ്മാർ ബിൻ യാസിർ നിവേദനം, ഹദ്റത്ത് ഉമർ എന്റെ പിതാവിനോടു പറഞ്ഞു:നിന്റെ സ്ഥലത്ത് മരങ്ങൾ നടുന്നതിനെ എന്തുകാര്യമാണ് നിന്നെ തടഞ്ഞത്? അപ്പോൾ എന്റെ പിതാവ് മറുപടി നല്കി:ഞാൻ വൃദ്ധനാണ് നാളെ മരിക്കുന്നതാണ്. അപ്പോൾ ഹദ്റത്ത് ഉമർ അദ്ദേഹത്തോടു പറഞ്ഞു: മരം നടേണ്ടത് നിനക്ക് നിർബന്ധമായിരിക്കുന്നു. പിന്നീട് ഹദ്റത്ത് ഉമർ(റ)സ്വയം എന്റെ പിതാവിനോടൊത്ത് ഞങ്ങളുടെ സ്ഥലത്ത് മരം നടുന്നത് ഞാൻ കണ്ടു. നമ്മുടെ ആദരണീയനായ നബി(സ)തിരുമേനി എപ്പോഴും കഴിവില്ലായ്മയിൽനിന്നും അലസതയിൽനിന്നും അഭയം തേടാറുണ്ടായിരുന്നു. ഞാൻ വീണ്ടും പറയുകയാണ്, അലസരാകരുത്. അല്ലാഹു ദുൻയാവ് കരസ്ഥമാക്കുന്നതിനെ വിരോധിച്ചിട്ടില്ല. പ്രത്യുത ദുൻയാവിലെ നന്മയ്ക്കുവേണ്ടി ദുആ ചെയ്യാൻ പഠിപ്പിക്കുന്നു. മനുഷ്യൻ കൈയുംകാലുംകെട്ടി ഇരിക്കുന്നത് അല്ലാഹു ആഗ്രഹിക്കുന്നില്ല. പ്രത്യുത അവൻ വ്യക്തമായും പറഞ്ഞു:ലയ്സ ലിൽഇൻസാനി ഇല്ലാ മാ സആ(53:40)താൻ പ്രവർത്തിച്ചതല്ലാതെ മറ്റൊന്നും മനുഷ്യനു ലഭിക്കുകയില്ല. അതുകൊണ്ട് മുഅ്മിൻ ചെയ്യേണ്ടത് കഠിനാധ്വാനത്തോടെ പണിയെടുക്കുക എന്നതാണ്. പക്ഷേ, ഇത് എത്ര തവണ എനിക്കു പറയാൻ കഴിയുമോ ഇതുതന്നെ ഞാൻ പറയുന്നതായിരിക്കും, ദുൻയാവിനെ യഥാർഥ ലക്ഷ്യമാക്കരുത്. ദീനിനെ യഥാർഥ ലക്ഷ്യമാക്കുക. ദുൻയാവ് അതിന് സേവകനെന്ന നിലയിലും സമന്വിതമായിട്ടുള്ളതുമായിരിക്കേണ്ടതാണ്. ചില ഘട്ടങ്ങളിൽ ദരിദ്രർക്കും അശരണർക്കും ചെയ്യാൻ അവസരം കിട്ടാത്ത ചില ജോലികൾ സമ്പന്നരിൽനിന്നുണ്ടാകാറുണ്ട്. നബി(സ)തിരുമേനിയുടെ കാലത്ത് ഒന്നാമത്തെ ഖലീഫ, അദ്ദേഹം രാജ്യത്തെ വലിയ വ്യാപാരിയായിരുന്നു, മുസ്‌ലിമായിക്കൊണ്ട് അതുല്യമായ സേവനം ചെയ്യുകയും സ്വിദ്ദീഖ് എന്ന സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. ആദ്യത്തെ കൂട്ടുകാരനും ഖലീഫ ഒന്നാമനുമായി.
(മൽഫൂദാത്ത് വാല്യം 1 പേജ് 494, പ്രസാധനം 2018 ഖാദിയാൻ)

## തിരുനബിയുടെ തിരുമൊഴികൾ

**ഭർത്താവിന്റെ അനുവാദം വേണ്ട**

(2460)ഹദ്റത്ത് ആഇശാ(റ)യിൽ നിന്ന് നിവേദനം. ഹിന്ദ് ബിൻത് ഉത്ബ ബിൻ റബീഅ വന്നു. അവർ പറഞ്ഞു:യാ റസൂലല്ലാഹ്! അബൂസുഫിയിൻ വളരെ പിശുക്കനാണ്. ഞാൻ അയാളുടെ സമ്പത്തിൽനിന്ന് എന്റെ മക്കളെ തീറ്റുന്നത് പാപമാണോ? നബി(സ)തിരുമേനി പറഞ്ഞു: നിനക്ക് ഒരു പാപവുമില്ല. നീ നിന്റെ പതിവനുസരിച്ച് അവരെ തീറ്റുക.

**അയൽവാസിയുടെ അവകാശം**

അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:ഒരു അയൽവാസി തന്റെ അയൽവാസിയുടെ മതിലിലൊരു മക്കഷണം നാട്ടുന്നത് തടയരുത്.(സ്വഹീഹുൽ ബുഖാരി, വാല്യം 4, കിതാബുൽമള്വാലിം പ്രസാധനം 2008 ഖാദിയാൻ)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:


**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ**
**670 303.**
**ismayeel.ha@gmail.com**



| ഈ ലക്കത്തിൽ |
|---|
| ജുമുഅ ഖുത്ബ 2023 സെപ്റ്റംബർ29 (സമ്പൂർണ തർജമ) |
| മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) |
| ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ഹോളണ്ട് പര്യടനം |


**സ്വർണവളകൾ അണിയിക്കുക എന്നതിന്റെ ഉദ്ദേശ്യമെന്താണ്?**
**ഇതിന്റെ ഉദ്ദേശ്യം ദുൻയാവാണെങ്കിൽ അതുകൊണ്ടുദ്ദേശിക്കുന്നത് മുസ്‌ലിമീങ്ങൾക്ക് ഭരണങ്ങൾ ലഭിക്കുമെന്നാണ്. ഇനി ഇതുകൊണ്ടുള്ള ഉദ്ദേശ്യം പരലോകമാണെങ്കിൽ അവിടുത്തെ എല്ലാ വസ്തുക്കളും ആത്മീയമാണ്. അവിടെ സ്വർണവളൾകൊണ്ടുള്ള ഉദ്ദേശ്യം ഭൗതികമായ സ്വർണവളകളല്ല. പ്രത്യുത പ്രത്യേകതരത്തിലുള്ള ബഹുമതികളായിരിക്കും.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ കഹ്ഫിലെ 32-ാമത്തെ വചനമായ ഉലാഇക്ക ലഹും ജന്നാത്തു അദ്നിൻ തജ്‌രീ മിൻ തഹ്ത്തിഹുമുൽ അൻഹാറു യുഹല്ലൗന ഫീഹാ മിൻ അസാവിറ മിൻ ദഹബിൻ വ്വ യൽബസൂന ഥിയാബൻ ഖുള്റൻ മ്മിൻസുൻദുസിൻ വ്വ ഇസ്തബ്റഖിൻ മ്മുത്തക്കീന ഫീഹാ അലൽ അറാഇക്കി നിഅ്മ ഥ്ഥആബു വ ഹസുനത്ത് മുർത്തഫഖാ (അക്കൂട്ടർ, നിത്യവാസത്തിനുള്ള ഉദ്യാനങ്ങൾ അവർക്കുള്ളതാണ്. അവരുടെ താഴോരത്തൂടെ അരുവികളൊഴുകിക്കൊണ്ടിരിക്കും. അവിടെവച്ച് അവർക്ക് സ്വർണവളകൾ ധരിപ്പിക്കപ്പെടും. നേർമയുള്ളതും കട്ടിയുള്ളതുമായ പച്ചപ്പട്ടു വസ്ത്രങ്ങൾ അവർ ധരിക്കുന്നതാണ്. അവർ മേത്തരം പര്യങ്കങ്ങളിൽ ചാരിയിരിക്കുന്നവരത്രെ. എത്ര നല്ല പ്രതിഫലം!എത്രനല്ല വിശ്രമസ്ഥലം)എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:

പുരുഷന്മാർക്ക് സ്വർണവളകൾ അണിയുന്നത് അനുവദനീയമല്ലെന്ന് പറഞ്ഞ് ആക്ഷേപിക്കാറുണ്ട്. അതിനുള്ള മറുപടി ഇതാണ്:ഇതിന്റെ ഉദ്ദേശ്യം ദുൻയാവാണെങ്കിൽ അതുകൊണ്ടുദ്ദേശിക്കുന്നത് അവർക്ക് ഭരണങ്ങൾ ലഭിക്കുമെന്നാണ്. സ്വർ


(ശേഷം പേജ് 11ൽ)



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

- നബിനിന്ദയ്ക്ക് ഒരു തരത്തിലുള്ള ശിക്ഷയും ഇസ്‌ലാമിലില്ല. ഇത്തരത്തിലുള്ള സംഭവങ്ങൾക്ക് ഒരു യാഥാർഥ്യവുമില്ല.
- മുശ്‌രിക്കീങ്ങളും തങ്ങളുടെ ശിർക്കിനെ മതമായി മനസ്സിലാക്കുന്നു. ഏകനായ ദൈവത്തെ ആരാധിക്കുന്നത് വഴികേടും. ഇക്കാലത്തും ഇതുതന്നെയാണ് അവസ്ഥ.
- ഉമയ്ർ ബിൻ വഹ്ബ് ഇസ്‌ലാം സ്വീകരിച്ചതിന്റെ ഈമാൻവർധക സംഭവം
- ഉമയ്ർ പറഞ്ഞു:ദൈവം താങ്കളോടൊപ്പമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അവൻ താങ്കൾക്ക് ഞങ്ങളുടെ പദ്ധതിയെ കുറിച്ച് അറിവ് നൽകിയിരിക്കുന്നു. ഞാനും സ്വഫ്‌വാനും സംസാരിക്കുമ്പോൾ അവിടെ മൂന്നാമതാരുമുണ്ടായിരുന്നില്ല. ഒരു പക്ഷേ, ഇത് അല്ലാഹു എന്നെ വിശ്വാസിയാക്കുന്നതിന് ചെയ്ത ഒരു ഉപായമായിരിക്കാം. ഞാൻ സത്യസന്ധമായി അങ്ങയിൽ വിശ്വസിക്കുന്നു.
- ബദ്റിനുശേഷം പലരും മുസ്‌ലിമീങ്ങളായെങ്കിലും ചിലരിൽ മുനാഫിഖത്തുമുണ്ടായിരുന്നു. അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലും അക്കൂട്ടത്തിൽപ്പെട്ട ആളായിരുന്നു.
- നബി(സ)തിരുമേനി ഖർഖറത്തുൽകുദ്റിൽ തങ്ങിയ അത്രയും സമയം ഒരാൾക്കുംതന്നെ നബി(സ)തിരുമേനിയെ നേരിടാൻ ധൈര്യമുണ്ടായില്ല. അങ്ങനെ നബി(സ)തിരുമേനി ഒരുവിധ യുദ്ധവും കൂടാതെ വിജയ ശ്രീലാളിതനായി തിരിച്ചുവന്നു.
- ഹിജ്റത്തിനുശേഷം രണ്ടാം വർഷം റമളാനിന്റെ അവസാനത്തിൽ ശവ്വാൽ ഒന്നിന് നബി(സ)തിരുമേനി ആദ്യത്തെ ഈദുൽഫിത്ർ നിർവഹിച്ചു.
- ഇസ്‌ലാമിലെ ഈദുകൾ ഒരു പ്രത്യേക പ്രൗഢി ഉൾക്കൊള്ളുന്നവയാകുന്നു. എപ്പോഴും സന്തോഷപ്രകടനം മാത്രം പോരാ. പ്രത്യുത ദൈവസ്മരണയും ഉണ്ടായിരിക്കേണ്ടതാണ്. ആരാധനയും ഉണ്ടായിരിക്കേണ്ടതാണ്.
- അസ്മാഅ് ബിൻത് മർവാനിന്റെ വധത്തെ സംബന്ധിച്ചുള്ള രിവായത്തിന്റെ വിമർശനപരമായ പഠനവും നബിനിന്ദയ്ക്കുള്ള ശിക്ഷയെ സംബന്ധിച്ച സംശയപരമായ നിവേദനത്തിന്റെ യാഥാർഥ്യവും.
- ചില ജീവചരിത്ര ഗ്രന്ഥങ്ങളിൽ ഈ സംഭവത്തെ പറ്റി കാണുന്നുണ്ട്. എന്നാൽ, സ്വിഹാഹു സിത്തയിലോ മറ്റേതെങ്കിലും ആധികാരിക ഹദീഥുകളിലോ ഇതേപ്പറ്റി പരാമർശം പോലുമില്ല.
- തീവ്രവാദികളായ മുല്ലാക്കൾ ഇത്തരം കാര്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനങ്ങൾക്ക് കളങ്കമുണ്ടാക്കുകയാണ് ചെയ്യുന്നത്. ഇന്ന് ഇത്തരം കാൽപ്പനിക കഥകളുണ്ടാക്കി മൗലവിമാർ അഹ്മദികൾക്കെതിരിലും തീവ്രവാദം പ്രകടിപ്പിച്ചുകൊണ്ട് ജനങ്ങളെ ഇളക്കിവിടുകയാണ്.
- ബദ്ർ യുദ്ധത്തിനുശേഷം രംഗത്തുവന്ന ചില സംഭവങ്ങളുടെ, പ്രത്യേകിച്ചും ബനൂസുലയിം അല്ലെങ്കിൽ ഖർഖറത്തുൽകുദ്റിന്റെ വിവരണം.

**ഖുത്ബ ജുമുഅ 2023 സെപ്റ്റംബർ 29/1402 തബൂക്ക് 29**
**മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ബദ്ർ യുദ്ധത്തിനു ശേഷമുള്ള സംഭവങ്ങളാണ് വിവരിച്ചു കൊണ്ടിരിക്കുന്നത്. ഈ സംഭവങ്ങളിൽ നിന്ന് നമുക്ക് നബി(സ)തിരുമേനിയുടെ ചരിത്രവും ജീവിതവും മനസ്സിലാകുന്നതോടൊപ്പം ചില ചരിത്രപരമായ യാഥാർഥ്യങ്ങളെക്കുറിച്ചും അറിവ് ലഭിക്കുന്നതാണ്. ചരിത്ര പഠനത്തിലൂടെ ചില തെറ്റായ നിവേദനങ്ങളെ തിരിച്ചറിയാനും കഴിയുന്നതായിരിക്കും. അത് ഇസ്‌ലാമിന്റെ തെറ്റായ ഒരു മുഖമാണ് അന്യർക്ക് മുന്നിൽ സമർപിച്ചിട്ടുള്ളത്. ഇസ്‌ലാമിന്റെ ശത്രുക്കൾ ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കാൻ അതിനെ ഉപയോഗിക്കുന്നു. തീവ്രവാദികളായ മുസ്‌ലിമീങ്ങളാകട്ടെ തങ്ങളുടെ ലക്ഷ്യം സാധൂകരിക്കുന്നതിന് അതുപയോഗപ്പെടുത്തുകയും ചെയ്യുന്നു.

ഏതായിരുന്നാലും ഇന്ന് ഞാൻ വിവരിക്കുന്ന സംഭവങ്ങളിൽ ആദ്യത്തേത് ഉമയ്ർ ബിൻ വഹ്ബിന്റെ സംഭവമാണ്. ഇദ്ദേഹം ബദ്ർ യുദ്ധത്തിനുശേഷം തന്റെ അതായത് മുശ്‌രിക്കീങ്ങളുടെ പരാജയത്തിനുപകരം ചോദിച്ചുകൊണ്ട് നബി(സ)തിരുമേനിയെ വധിക്കുന്നതിന് മക്കയിൽനിന്ന് മദീനയിൽ വന്നതായിരുന്നു. എന്നാൽ, അവിടെ അല്ലാഹുവിന്റെ വിധി മറ്റൊരു വിധത്തിലാണ് പ്രവർത്തിച്ചത്. അദ്ദേഹത്തിന് ഇസ്‌ലാം സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ചു. ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: ബദ്റിലെ ബന്ദികളിൽ വഹ്ബ് ബിൻ ഉമയ്റുമുണ്ടായിരുന്നു. ഇദ്ദേഹം പിന്നീട് മുസ്‌ലിമായി. ഇദ്ദേഹത്തെ രിഫാഅ ബിൻ റാഫിയാണ് ബന്ദിയാക്കിയത്. ഇദ്ദേഹത്തിന്റെ പിതാവ് ഉമയ്ർ, ഖുറയ്ശി മൂപ്പന്മാരിൽപ്പെട്ടയാളായിരുന്നു. അതായത് ഉമയ്ർ ബിൻ വഹ്ബ്. ഇദ്ദേഹം മക്കയിൽ നബി(സ)തിരുമേനിയേയും സ്വഹാബാക്കളേയും വളരെയേറെ കഷ്ടപ്പെടുത്തിയിരുന്നു. പക്ഷേ, പിന്നീട് ബദ്ർ യുദ്ധത്തിനു ശേഷം ഇദ്ദേഹം മുസ്‌ലിമായി. ഇതിന്റെ വിശദീകരണം ഇപ്രകാരമാണ്: മുസ്‌ലിമാകുന്നതിനു മുമ്പേ ഉമയ്റും സ്വഫ്‌വാൻ ബിൻ ഉമയ്യയും ഒരു ദിവസം മക്കയിൽ കഅ്ബാലയത്തിന്റെ മുറ്റത്തിരിക്കുക യായിരുന്നു. സ്വഫ്‌വാൻ ആ സമയത്ത് മുസ്‌ലിമായിട്ടുണ്ടായിരുന്നില്ല. അവരിരുവരും ബദ്ർ യുദ്ധത്തിലെ പരാജയത്തെ കുറിച്ചും ആ യുദ്ധത്തിൽ കൊല്ലപ്പെട്ട തങ്ങളുടെ വലിയ വലിയ നേതാക്കന്മാരെ കുറിച്ചും സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. സ്വഫ്‌വാൻ പറഞ്ഞു: ദൈവത്താണ, ഈ നേതാക്കന്മാർ കൊല്ലപ്പെട്ടതിനുശേഷം ഇപ്പോൾ ജീവിതത്തിന്റെ രസംതന്നെ നഷ്ടപ്പെട്ടിരിക്കുന്നു.അപ്പോൾ ഉമയ്ർ പറഞ്ഞു: അല്ലാഹുവാണ, നിങ്ങൾ പറഞ്ഞതുശരിയാണ്, എനിക്കുമേൽ ഒരാളുടെ കടബാധ്യതയുണ്ട്, അതു തിരിച്ചു കൊടുക്കുന്നതിന് ഒരു സംവിധാനവുമുണ്ടാകുന്നില്ല. പിന്നെ എനിക്കുശേഷം ഭാര്യാമക്കളെ കുറിച്ച് അവർ കെടുതിയിൽ അകപ്പെടുമെന്ന ആശങ്കയില്ലായിരുന്നെങ്കിൽ ഞാൻ മുഹമ്മദ്(സ)ന്റെ അടുക്കലെത്തി അദ്ദേഹത്തെ വധിക്കുമായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം അങ്ങോട്ടു പോകുന്നതിന് ഒരു കാരണവുമുണ്ട്. എന്റെ മകൻ അവരുടെയടുക്കൽ ബന്ദിയാണ്.ഇതു കേട്ടുടനെ സ്വഫ്‌വാൻ ഉമയ്റിന്റെ കടബാധ്യത ഏറ്റെടുത്തുകൊണ്ട് പറഞ്ഞു: താങ്കളുടെ കടത്തിന്റെ ബാധ്യത ഞാനേറ്റെടുക്കുന്നു. ഞാൻ അത് വീട്ടുന്നതായിരിക്കും. താങ്കളുടെ ഭാര്യാമക്കൾ എന്റെ ഭാര്യാമക്കളോടൊപ്പം ജീവിക്കുന്നതുമാണ്. അവർ ജീവിച്ചിരിക്കുന്നിടത്തോളം അവരുടെ സംരക്ഷണ ഉത്തരവാദിത്വവും ഞാനേറ്റെടുക്കുന്നു. താങ്കൾപോയി മുഹമ്മദിനെ കൊലപ്പെടുത്തുക. ഉമയ്ർ ഇതു കേട്ടുടനെ പോകാൻ തയ്യാറായി. എന്നിട്ട് സ്വഫ്‌വാനോടു പറഞ്ഞു: എനിക്കും താങ്കൾക്കുമിടയിലുള്ള ഇക്കാര്യം രഹസ്യമായിത്തന്നെ വെക്കുക. സ്വഫ്‌വാൻ അതു സംബന്ധിച്ച് വാഗ്ദാനവും ചെയ്തു. പിന്നീടു ഉമയ്ർ വീട്ടിലെത്തി തന്റെ വാൾ പുറത്തെടുത്തു. അതിനു മൂർച്ച കൂട്ടുകയും പിന്നെ വിഷത്തിൽ മുക്കുകയും ചെയ്തു. തുടർന്ന് മക്കയിൽനിന്ന് പുറപ്പെട്ട് മദീനയിലെത്തി.

അങ്ങനെ ഉമയ്ർ മസ്ജിദ് നബ്‌വിയുടെ അടുത്തെത്തിയപ്പോൾ അവിടെ ഹദ്റത്ത് ഉമർ(റ) മറ്റുചില മുസ്‌ലിമീങ്ങളോടൊപ്പം ഇരുന്ന് ബദ്ർ യുദ്ധത്തെ കുറിച്ച് സംസാരിക്കുകയായിരുന്നു. ഉമയ്ർ മസ്ജിദ് നബ്‌വിയുടെ വാതിൽക്കൽ തന്റെ ഒട്ടകത്തെ കെട്ടിയപ്പോൾത്തന്നെ ഹദ്റത്ത് ഉമർ, ഉമയ്ർ വാളും കൈയിലേന്തി ഇറങ്ങുന്നതുകണ്ടു. ഹദ്റത്ത് ഉമർ പറഞ്ഞു: അല്ലാഹുവിന്റെശത്രു ഉമയ്ർ ബിൻ വഹ്ബ് തീർച്ചയായും വളരെ ദുഷ്ചിന്തയുമായാണ് ഇവിടെ വന്നിട്ടുള്ളത്. പിന്നെ ഹദ്റത്ത് ഉമർ ഉടൻതന്നെ അവിടെ നിന്നെഴുന്നേറ്റ് നബി(സ)തിരുമേനിയുടെ വീട്ടിലെത്തി. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! അല്ലാഹുവിന്റെ ശത്രു ഉമയ്ർ ബിൻ വഹ്ബ് ഊരിപ്പിടിച്ച വാളുമായി വന്നിരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: അയാളെ എന്റെയടുക്കൽ അകത്ത് കൊണ്ടുവരൂ. ഒരു പ്രശ്നവുമില്ല. എന്റെ അടുത്ത് എത്തിക്കൂ. ഹദ്റത്ത ഉമർ(റ), ഉമയ്റിന്റെ അടുത്തെത്തി. ഷാൾകൊണ്ട് അയാൾ വാൾ കഴുത്തിൽ തൂക്കിയിട്ടുണ്ടായിന്നു. ഹദ്റത്ത് ഉമർ അതിൽ ശക്തമായി പിടിച്ചുകൊണ്ട് ഉമയ്റിനെ കൊണ്ടു

വന്നു. ആ സമയത്ത് ഹദ്റത്ത് ഉമർ തന്റെ അടുത്തുണ്ടായിരുന്ന അൻസ്വാരീ മുസ്‌ലിമീങ്ങളോട് പറഞ്ഞു: എന്റെ കൂടെ നബി(സ)തിരുമേനിയുടെ അടുത്ത് ഉള്ളിൽ വരിക. അകത്തുവന്ന് നബി(സ)തിരുമേനിയുടെ അടുത്തുതന്നെ ഇരിക്കണം. കാരണം ഇയാളെ സംബന്ധിച്ച് എനിക്കൊരു സമാധാനവും കിട്ടുന്നില്ല. അങ്ങനെ ഹദ്റത്ത് ഉമർ(റ) അയാളെയുംകൊണ്ട് നബി(സ)തിരുമേനിയുടെ അടുക്കൽ അകത്തു വന്നു. ഹദ്റത്ത് ഉമർ(റ), ഉമയ്റിന്റെ കഴുത്തിൽ വാൾ തൂക്കിയിട്ടിരുന്ന ഷാളിൽ ശക്തമായി പിടിച്ചിരിക്കുന്നത് കണ്ടപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, ഉമറേ! അയാളെ വിടൂ! തുടർന്ന് പറഞ്ഞു, ഉമയ്ർ അടുത്തുവരൂ.അങ്ങനെ ഉമയ്ർ വളരെ അടുത്തെത്തി. അയാൾ തന്റെ ജാഹിലിയ്യാ സമ്പ്രദായമനുസരിച്ച് അൻഅമൂ സ്വബാഹൻ എന്ന് പറഞ്ഞുകൊണ്ട് അഭിവാദ്യം ചെയ്തു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു; ഉമയ്റേ! ഞങ്ങൾക്ക് ഇസ്‌ലാം നിങ്ങളുടെ ഈ സലാമിനെക്കാളും നല്ല സലാം നൽകിയിട്ടുണ്ട്. അതു സ്വർഗസ്ഥരുടെ സലാമാകുന്നു. നിങ്ങൾ എന്തിനാണ് വന്നത്?ഉമയ്ർ പറഞ്ഞു: ഞാനിവിടെ ബന്ദിയാക്കപ്പെട്ട എന്റെ മകനെ കുറിച്ച് സംസാരിക്കാനാണ് വന്നിട്ടുള്ളത്. അവനെ നിങ്ങളുടെയാളുകൾ തടങ്കലിൽ വെച്ചിരിക്കുകയാണ്. അവനോടു നിങ്ങളെല്ലാവരും നല്ലരീതിയിൽ പെരുമാറണമെന്ന് ഞാൻ അപേക്ഷിക്കുകയാണ് പിന്നെ അയാളുടെ ഊരിയ വാൾ കണ്ടപ്പോൾ നബി(സ)തിരുമേനി ചോദിച്ചു:ഈ വാളെന്തിനാണ്?ഉമയ്ർ പറഞ്ഞു: ദൈവം ഈ വാൾ നശിപ്പിക്കുമാറാകട്ടെ. താങ്കൾ ഞങ്ങളെ എന്തെങ്കിലും നല്ല അവസ്ഥയിലാണോ വിട്ടത്? ഈ വാൾ നേരത്തെ ഞങ്ങൾക്കെന്ത് ഉപകാരമാണ് ചെയ്തിട്ടുള്ളത്? നബി(സ)തിരുമേനി പറഞ്ഞു: നീ എന്ത് ഉദ്ദേശ്യത്തോടെയാണ് വന്നതെന്ന് സത്യമായും ഞങ്ങളോടു പറയുക. അയാളുടെ സംസാരത്തിൽ നബി(സ)തിരുമേനിക്കു വിശ്വാസം വരുന്നുണ്ടായിരുന്നില്ല. ഉമയ്ർ പറഞ്ഞു: തീർച്ചയായും താങ്കളുടെയടുക്കൽ ബന്ദിയാക്കപ്പെട്ട വ്യക്തിയെ കുറിച്ച് സംസാരിക്കാൻ മാത്രമാണ് ഞാൻ വന്നിട്ടുള്ളത്. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അല്ല. ഒരു ദിവസം നിങ്ങളും സ്വഫ്‌വാൻ ബിൻ ഉമയ്യയും കഅ്ബയുടെ മുറ്റത്തിരുന്ന് ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെടുകയും ഒരു കുഴിയിൽ ഒരുമിച്ചടക്കപ്പെടുകയും ചെയ്ത ഖുറയ്ശികളായ ആളുകളെക്കുറിച്ച് സംസാരിച്ചിട്ടുണ്ടായിരുന്നില്ലേ? അന്ന് നിങ്ങൾ സ്വഫ്‌വാനോട്, തനിക്ക് കടബാധ്യതയും ഭാര്യാമക്കളെ കുറിച്ച് ആശങ്കയുമില്ലായിരുന്നെങ്കിൽ താൻ മുഹമ്മദിനെ കൊല്ലുമെന്ന് പറഞ്ഞിരുന്നില്ലേ? അപ്പോൾ സ്വഫ്‌വാൻ എന്നെ കൊല്ലുന്നതിന് താങ്കളുടെ കടവും ഭാര്യാമക്കളുടെ ഉത്തരവാദിത്വവും ഏറ്റെടുത്തിരുന്നില്ലേ നബി(സ)തിരുമേനിക്ക് ഈ കാര്യങ്ങളെല്ലാം അല്ലാഹു അതേവിധത്തിൽ അറിയിച്ചിരുന്നു. നിവേദകൻ പറയുന്നു:ഇതുകേട്ടുടൻതന്നെ അയാൾ പറഞ്ഞു: താങ്കൾ അല്ലാഹുവിന്റെ റസൂലാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. യാ റസൂലല്ലാഹ്! അങ്ങയുടെയടുക്കൽ വാനലോകത്ത് നിന്ന് വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. അങ്ങയ്ക്ക് ഇറങ്ങുന്ന വെളിപാടുകൾ ഞങ്ങൾ കളവാക്കിക്കൊണ്ടിരുന്നു. എന്നാൽ, ഇപ്പോൾ പറഞ്ഞ കാര്യത്തെ കുറിച്ചാണെങ്കിൽ അന്ന് കഅ്ബയുടെ മുറ്റത്ത് ഞാനും സ്വഫ്‌വാനുമല്ലാതെ മൂന്നാമതൊരാൾ ഉണ്ടായിരുന്നില്ല. മാത്രമല്ല ഞങ്ങളുടെ സംസാരത്തെ കുറിച്ച് മറ്റാർക്കും അറിയുകയുമില്ലായിരുന്നു. അതുകൊണ്ട് അല്ലാഹുവാണ്! അവനല്ലാതെ മറ്റാരും താങ്കൾക്ക് ഇതേ കുറിച്ച് അറിയിപ്പ് നൽകാൻ സാധ്യമല്ല.

അതെ, സകല സ്തുതിയും അല്ലാഹുവിനാകുന്നു. അവൻ ഞങ്ങൾക്ക് ഇസ്‌ലാമിലേക്ക് സന്മാർഗദർശനം നൽകി. എനിക്ക് ആ മാർഗത്തിൽ നീങ്ങാനും തൗഫീഖ് നൽകിയിരിക്കുന്നു.തുടർന്ന് ഉമയ്ർ ശഹാദത്തുകലിമ ചൊല്ലി. അപ്പോൾ നബി(സ)തിരുമേനി, സ്വഹാബാക്കളോട് പറഞ്ഞു: നിങ്ങളുടെ ഈ സഹോദരന് ദീനീ ജ്ഞാനവും വിശുദ്ധ ഖുർആനും പഠിപ്പിച്ചു കൊടുക്കുവിൻ. അദ്ദേഹത്തിന്റെ ബന്ദിയായ ആളെ വിട്ടയക്കുകയും ചെയ്യുക. സ്വഹാബാക്കൾ ഉടൻതന്നെ ഈ കല്പന നടപ്പാക്കി.

പിന്നീട് ഹദ്റത്ത് ഉമയ്ർ, നബി(സ)തിരുമേനിയോട് പറഞ്ഞു: യാ റസൂലല്ലാഹ്, ഞാൻ സദാസമയവും ദൈവിക പ്രകാശം കെടുത്തുന്നതിന് ശ്രമിച്ചു കൊണ്ടിരിക്കുന്നവനായിരുന്നു. അല്ലാഹുവിന്റെ ദീൻ സ്വീകരിച്ചവരെ കഠിനമായി ദ്രോഹിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങെനിക്ക് മക്കയിൽ പോകാൻ അനുവാദം തന്നാലും. ഞാൻ മക്കക്കാരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാനാഗ്രഹിക്കുന്നു. ഒരു പക്ഷേ, അല്ലാഹു അവർക്ക് സന്മാർഗം നൽകും. അതല്ലെങ്കിൽ പണ്ട് ഇസ്‌ലാമിന്റെ പേരിൽ സ്വഹാബാക്കളെ പ്രയാസപ്പെടുത്തിയിരുന്നതുപോലെ ഞാൻ അവരെ വിഗ്രഹാരാധനയുടെ പേരിൽ പ്രയാസപ്പെടുത്തുന്നതാണ്. നബി(സ) തിരുമേനി അദ്ദേഹത്തിന് മക്കയിലേക്ക് പോകാൻ അനുമതി നൽകി. ദ്രോഹിക്കാൻ വേണ്ടിയല്ല മറിച്ച് തബ്‌ലീഗ് ചെയ്യാൻ വേണ്ടി. അങ്ങനെ അദ്ദേഹം മക്കയിൽ തിരിച്ചെത്തി. അദ്ദേഹത്തിന്റെ മകൻ വഹ്ബ് ബിൻ ഉമയ്റും മുസ്‌ലിമായി.

ഉമയ്ർ മക്കയിലേക്ക് പുറപ്പെട്ടതിനുശേഷം സ്വഫ്‌വാൻ ജനങ്ങളോടിങ്ങനെ പറയാറുണ്ടായിരുന്നു. ഉടനെയുണ്ടാകാനിടയുള്ള ഒരു സംഭവത്തെ കുറിച്ച് ഞാൻ നിങ്ങൾക്ക് സുവാർത്ത നൽകുകയാണ്. ഇതിനുശേഷം നിങ്ങൾ ബദ്റിലുണ്ടായ വിപത്തിനെയും പ്രയാസങ്ങളെയും മറന്നുപോകുന്നതായിരിക്കും. സ്വഫ്‌വാൻ വരുന്നവരോടെല്ലാം ഉമയ്റിന്റെ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുമായിരുന്നു. അങ്ങനെ ഒടുവിൽ ഒരാൾ മക്കയിലെത്തി സ്വഫ്‌വാനോടു പറഞ്ഞു: ഉമയ്ർ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നു അപ്പോൾ സ്വഫ്‌വാനിങ്ങനെ ശപഥം ചെയ്തു, ഞാൻ ഇനിയൊരിക്കലും അയാളോട് സംസാരിക്കുന്നതല്ല. അയാൾക്ക് ഒരു നന്മയും വരുത്തുന്നതുമല്ല. അതിനുശേഷം മുസ്‌ലിമായ ഉമയ്ർ മക്കയിലെത്തി. അദ്ദേഹം സ്വഫ്‌വാനിന്റെ വീട്ടിൽ പോയില്ല. നേരെ തന്റെ വീട്ടിലെത്തി വീട്ടുകാരോട് താൻ ഇസ്‌ലാം സ്വീകരിച്ചു വെന്ന് വിളംബരപ്പെടുത്തുകയും അവരെയും ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഇതേ കുറിച്ച് അറിഞ്ഞപ്പോൾ സ്വഫ്‌വാൻ പറഞ്ഞു: അദ്ദേഹം എന്റെയടുത്ത് വരാതെ നേരെ വീട്ടുകാരുടെ അടുക്കൽ പോയപ്പോൾത്തന്നെ എനിക്ക് കാര്യങ്ങളെല്ലാം മനസ്സിലായിരുന്നു. അയാൾ ദീനില്ലാത്തവനായി മാറിയിരിക്കുന്നു. വഴികേടിലുമാണ്. ഞാൻ ഇനിയൊരിക്കലും അയാളോട് സംസാരിക്കുന്നതല്ല. അയാൾക്കോ അയാളുടെ വീട്ടുകാർക്കോ എന്റെ ഭാഗത്തുനിന്ന് ഒരു പ്രയോജനവും ലഭിക്കുന്നതുമല്ല.

മുശ്‌രിക്കീങ്ങളും തങ്ങളുടെ ശിർക്കിനെ ദീനായിട്ടാണ് മനസ്സിലാക്കിയിരുന്നത്. ഏകദൈവത്തെ ആരാധിക്കുന്നത് വഴികേടാണെന്നും കരുതിയിരുന്നു. ഇന്നും ഇതേ അവസ്ഥ തന്നെയാണുള്ളത്. ഏതായാലും പിന്നീട് ഉമയ്ർ, സ്വഫ്‌വാൻ ബിൻ ഉമയ്യയുടെ അടുക്കലെത്തി. അയാളെ വിളിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: താങ്കൾ ഞങ്ങളുടെ നേതാക്കന്മാരിൽപ്പെട്ടയാളാണ്. താങ്കൾക്കറിയാം, നമ്മൾ കല്ലുകളെ ആരാധിക്കുകയും അതിനുവേണ്ടി ത്യാഗങ്ങൾ വരിക്കുകയും ചെയ്തിരുന്നു. ഇതെന്തൊരു മതമാണ്. അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്നാൽ, സ്വഫ്‌വാൻ, ഉമയ്ർ പറഞ്ഞതിന് മറുപടി കൊടുക്കുകയോ അദ്ദേഹത്തെ ശ്രദ്ധിക്കുകയോ ചെയ്തില്ല.(അസ്സീറത്തുൽഹൽബിയ്യ, വാല്യം 2, പേജ് 268-270, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2002)

ഈ സംഭവത്തെ കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിലും എഴുതിയിട്ടുണ്ട്: മക്കയിലെ അവിശ്വാസികൾ ഇതുവരെയും ബാഹ്യമായ ഗർവിലും അഹങ്കാരത്തിലുമായിരുന്നു. എന്നാൽ, ഒരു തുറന്ന മൈതാനത്ത് മുസ്‌ലിമീങ്ങളോട് പരാജയപ്പെട്ടശേഷം ഗൂഢമായും ഗുപ്തമായും പദ്ധതികളാവിഷ്കരിക്കുന്നതിൽ മുഴുകുകയുണ്ടായി.ഈ ചരിത്രസംഭവം ബദ്ർ യുദ്ധത്തിന് ഏതാനും ദിവസങ്ങൾക്കുശേഷമാണുണ്ടായത്. ഇത് അപകടത്തെ സംബന്ധിച്ച ഒരു വ്യക്തമായ സൂചനയായിരുന്നു.അദ്ദേഹംപറയുന്നു: ബദ്ർ യുദ്ധത്തിന് ഏതാനും ദിവസങ്ങൾക്കുശേഷം ഖുറയ്ശി മൂപ്പന്മാരായ ഉമയ്ർ ബിൻ വഹബും സ്വഫ്‌വാൻ ബിൻ ഉമയ്യ ബിൻ ഖൽഫും കഅ്ബാലയത്തിന്റെ മുറ്റത്തിരുന്നു ബദ്റിൽ വധിക്കപ്പെട്ടവരെ കുറിച്ച് അനുശോചിക്കുകയായിരുന്നു. ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങൾത്തന്നെ ഇവിടെ ആവർത്തിക്കുകയാണ്. അദ്ദേഹം എഴുതുന്നു: അവർ സംസാരിച്ച് കൊണ്ടിരുന്നു. ഇപ്പോൾ ജീവിതത്തിന് ഒരു രസവുമില്ല. ഉമയ്ർ പറഞ്ഞു: എനിക്കെന്റെ കടവും എന്റെ ഭാര്യാമക്കളെ കുറിച്ചുള്ള അസ്വസ്ഥതയും ഇല്ലായിരുന്നെങ്കിൽ ഞാനെന്റെജീവൻ അപകടത്തിലാക്കാൻ തയ്യാറാണ്. എന്റെ മകൻ ബന്ദിയായതുകൊണ്ട് എനിക്ക് അങ്ങോട്ട് പോകുന്നതിന് ഒരു കാരണവുമുണ്ട്. അവിടെയെത്തി ഞാൻ നബി(സ)തിരുമേനിയെ നഊദുബില്ലാഹ് വധിക്കുന്നതാണ്. അപ്പോൾ സ്വഫ്‌വാൻ കടം വീട്ടാമെന്നും ഭാര്യാമക്കളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാംമെന്നും വാഗ്ദാനം ചെയ്തു. ഞാൻ നേരത്തെ പറഞ്ഞ സംഗതികൾ തന്നെയാണ് ഇവിടെയും എഴുതിയിട്ടുള്ളത്. പിന്നീട് ഉമയ്ർ തന്റെ വീട്ടിലെത്തി. തന്റെ വാൾ വിഷത്തിൽ മുക്കിയെടുത്ത് മക്കയിൽ നിന്ന് പുറപ്പെട്ടു. മദീനയിലെത്തിയപ്പോൾ ഇത്തരം കാര്യങ്ങളെ കുറിച്ചെല്ലാം വളരെ ജാഗരൂകനായിരുന്ന ഹദ്റത്ത് ഉമർ(റ)പരിഭ്രമചിത്തനായി ക്ഷണത്തിൽ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി പറഞ്ഞു: ഉമയ്ർ വന്നിട്ടുണ്ട്. എനിക്ക് അയാളെ സംബന്ധിച്ച് ഒരു സമാധാനവും കിട്ടുന്നില്ല.നബി(സ)തിരുമേനി പറഞ്ഞു: അയാളെ എന്റെ അടുത്തുകൊണ്ടുവരിക.ഹദ്റത്ത് ഉമർ(റ)അയാളെ കൊണ്ടുവരാൻ പുറത്തിറങ്ങി. അപ്പോൾ സ്വഹാബാക്കളോടു പറഞ്ഞു: ഉമയ്റിനെ നബി(സ)തിരുമേനിയുടെ അടുത്ത് കൊണ്ടുവരാൻ പോവുകയാണ്. എനിക്ക് അയാളെ സംബന്ധിച്ചിടത്തോളം സംശയകരമായ ഒരു അവസ്ഥയാണുള്ളത്. നിങ്ങൾ നബി(സ)തിരുമേനിയുടെ അടുക്കൽ ജാഗരൂകരായി ഇരിക്കുക. അതിനുശേഷം ഹദ്റത്ത് ഉമർ(റ), ഉമയ്റിനെയുംകൊണ്ട് നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. നബി(സ)തിരുമേനി വളരെ സൗമ്യമായി അയാളെ തന്റെ അടുത്തിരുത്തിയതിനു ശേഷം ചോദിച്ചു: ഉമയ്റേ! എങ്ങനെയാണു ഇവിടെ വരാനിടയായത്? ഉമയ്ർ പറഞ്ഞു: എന്റെ മകൻ നിങ്ങളുടെ പക്കൽ ബന്ദിയാണ്. അവനെ മോചിപ്പിക്കുന്നതിനാണ് വന്നിട്ടുള്ളത്. നബി(സ)തിരുമേനി ചോദിച്ചു: ഈ ഉറയൂരിയ വാൾ എന്തിനാണ് കഴുത്തിൽ അണിഞ്ഞിട്ടുള്ളത്? അയാൾ പറഞ്ഞു: ഈ വാളിനെക്കുറിച്ചെന്ത് പറയാനാണ്, ബദ്റിൽ ഈ വാളുകൾ എന്ത് ഉപകാരമാണ് ചെയ്തത്? അങ്ങനെ അയാൾ വളരെ ജാഗ്രതയോടെ സംസാരിക്കാൻ തുടങ്ങി.

നബി(സ)തിരുമേനി പറഞ്ഞു: അല്ല നിങ്ങളെന്തിനാണ് വന്നതെന്ന് തുറന്നു പറയൂ! അയാൾ ആ പറഞ്ഞതുതന്നെ ആവർത്തിച്ചുകൊണ്ട് പറഞ്ഞു: ഞാനെന്റെ മകനെ മോചിപ്പിക്കാനാണ് വന്നിട്ടുള്ളത്. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: താങ്കളും സ്വഫ്‌വാനും കഅ്ബാലയത്തിന്റെ മുറ്റത്തിരുന്ന് ഗൂഡാലോചനയൊന്നും നടത്തിയിട്ടില്ലേ? നബി(സ)തിരുമേനി ഗൂഡാലോചനയെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ ഉമയ്ർ സ്തബ്ധനായിപ്പോയി. പക്ഷേ, സ്വയം നിയന്ത്രിച്ചുകൊണ്ട് പറഞ്ഞു: ഞാനൊരു ഗൂഢാലോചനയും നടത്തിയിട്ടില്ലനബി(സ)തിരുമേനി പറഞ്ഞു: നിങ്ങളെന്നെ വധിക്കാൻ പദ്ധതി ആവിഷ്കരിച്ചില്ലേ? പക്ഷേ, ഓർക്കുക! അല്ലാഹു എന്റെ അടുത്തുവരാൻ നിങ്ങൾക്ക് തൗഫീഖ് നല്കുന്നതല്ല. ഉമയ്ർ അങ്ങേയറ്റം മൂകനായിപ്പോയി. തുടർന്ന് പറഞ്ഞു: താങ്കൾ പറഞ്ഞത് സത്യമാണ്. ഞങ്ങൾ തീർച്ചയായും ഗൂഢാലോചന നടത്തിയിരുന്നു. പക്ഷേ, ദൈവം താങ്കളോടൊപ്പമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അവൻ താങ്കൾക്ക് ഞങ്ങളുടെ പദ്ധതിയെ കുറിച്ച് അറിവ് നൽകിയിരിക്കുന്നു. ഞാനും സ്വഫ്‌വാനും സംസാരിക്കുമ്പോൾ അവിടെ മൂന്നാമതാരുമുണ്ടായിരുന്നില്ല. ഒരു പക്ഷേ, ഇത് അല്ലാഹു എന്നെ വിശ്വാസിയാക്കുന്നതിന് ചെയ്ത ഒരു ഉപായമായിരിക്കാം. ഞാൻ സത്യസന്ധമായി അങ്ങയിൽ വിശ്വസിക്കുന്നു.

അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ നബി(സ) തിരുമേനി സന്തോഷിച്ചുകൊണ്ട് സ്വഹാബാക്കളോടു പറഞ്ഞു: ഇനി നിങ്ങളുടെ ഈ സഹോദരന് ഇസ്‌ലാമികാധ്യാപനങ്ങൾ പറഞ്ഞു കൊടുക്കുകയും ഇയാളുടെ ബന്ദിയെ മോചിപ്പിക്കുകയും ചെയ്യുക. അങ്ങനെ ഉമയ്ർ ബിൻ വഹ്ബ് മുസ്‌ലിമായി. വളരെ ത്വരിതഗതിയിൽത്തന്നെ അദ്ദേഹം വിശ്വാസത്തിലും ആത്മാർഥതയിലും പ്രകടമായ പുരോഗതിയും കൈവരിച്ചു. സത്യപ്രകാശത്തിൽ ഏറെ ആകൃഷ്ടനായ അദ്ദേഹം നബി(സ)തിരുമേനിയോട് മക്കയിൽപ്പോയി അവിടെ തബ്‌ലീഗ് ചെയ്യാൻ തനിക്ക് അനുവാദം നൽകണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടുകൊണ്ടിരുന്നു. നബി(സ)തിരുമേനി അനുമതി നൽകി. ഉമയ്ർ മക്കയിലെത്തി. വളരെ ആവേശപൂർവ്വം തബ്‌ലീഗ് ചെയ്തുകൊണ്ട് നിരവധിയാളുകളെ രഹസ്യമായി മുസ്‌ലിമീങ്ങളാക്കി. മറുഭാഗത്ത് സ്വഫ്‌വാൻ നബി(സ)തിരുമേനി കൊല്ലപ്പെട്ട വാർത്ത കേൾക്കാൻ പ്രതീക്ഷാപൂർവ്വം കാത്തിരിക്കുകയായിരുന്നു. ഖുറയ്ശികളോട് പറഞ്ഞു: നിങ്ങൾ ഒരു സന്തോഷവാർത്ത കേൾക്കാൻ തയ്യാറായിരിക്കുക. പക്ഷേ, അയാൾ ഈ സംഭവങ്ങളെല്ലാം കണ്ടപ്പോൾ തികച്ചും സ്തബ്ധനായിപ്പോയി.(സീറത്ത് ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ.പേജ് 374-376)

ബദ്റിനുശേഷം പലരും മുസ്‌ലിമീങ്ങളായെങ്കിലും ചിലരിൽ മുനാഫിഖത്ത് അഥവാ കപടതയുമുണ്ടായിരുന്നു. അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലും അക്കൂട്ടത്തിൽപ്പെട്ട ആളായിരുന്നു. അല്ലാമാ ഇബ്നു കഥീർ സൂറ ബഖറയുടെ 9, 10 ആയത്തുകളെ വ്യാഖ്യാനിച്ചുകൊണ്ടെഴുതുന്നു: ബദ്ർ യുദ്ധമുണ്ടായപ്പോൾ അല്ലാഹു തന്റെ കലിമയെ ഉയർത്തുകയുണ്ടായി. ഇസ്‌ലാമിനും മുസ്‌ലിമീങ്ങൾക്കും അന്തസ്സ് നൽകി. അതേസമയം അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ മദീനയുടെ നേതാവായിരുന്നു. ബനൂഖസ്റജ് ഗോത്രക്കാരനായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ ജാഹിലിയ്യാ കാലഘട്ടത്തിൽ ഔസ്, ഖസ്റജ് ഗോത്രങ്ങളുടെ തലവനായിരുന്നു. ഇയാൾ അവരുടെ ഭരണകർതൃത്വം ഏറ്റെടുക്കുമെന്ന് ജനങ്ങൾ പ്രതീക്ഷിച്ചിരുന്നു. അതായത് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനെ തങ്ങളുടെ നേതാവാക്കാൻ ആഗ്രഹിച്ചിരുന്നു. ഒരു നിവേദനത്തിൽ പറയുന്നു: അയാളുടെ ഗോത്രം കിരീടമുണ്ടാക്കി അയാളെ രാജാവായി വാഴിക്കാനുള്ള തയ്യാറെടുപ്പിൽ മുഴുകിയിരിക്കുകയായിരുന്നു. ഇതിന്നിടയിലാണ് അവരിലേക്ക് ഒരു നന്മ അഥവാ ഇസ്‌ലാമിന്റെ സന്ദേശമെത്തുന്നത്. ജനങ്ങൾ ഇസ്‌ലാം സ്വീകരിക്കുകയും അയാളെ വിസ്മരിക്കുകയും ചെയ്തു. അതുകൊണ്ട് ഇസ്‌ലാമിനെയും മുസ്‌ലിമീങ്ങളെയും സംബന്ധിച്ച് അയാളുടെ മനസ്സിൽ അസ്വസ്ഥതകളുണ്ടായിരുന്നു. ബദ്ർ സംഭവത്തിനുശേഷം ഇവർ വിജയിക്കുകയാണല്ലോ എന്ന് അയാൾ പറഞ്ഞുകൊണ്ടിരുന്നു. കുറച്ച് ആളുകളല്ലേയുള്ളൂവെന്ന് ആദ്യം അയാൾ ചിന്തിച്ചു. എന്നാൽ, ബദ്റിൽ വിജയം കൈവരിച്ചപ്പോൾ അയാൾക്ക് അസ്വസ്ഥതകൾ തുടങ്ങി. അയാൾ പ്രത്യക്ഷത്തിൽ മുസ്‌ലിമായി. അയാളോടൊപ്പം സഞ്ചരിക്കാൻ തയ്യാറായ അയാളുടെ അനുയായികളുടെ ഒരു സംഘവും ഇസ്‌ലാം സ്വീകരിച്ചു. അഹ്‌ലെ കിതാബിൽപ്പെട്ട ചിലയാളുകളും അവരോടൊപ്പമുണ്ടായിരുന്നു. (തഫ്സീർ ഇബ്നു കഥീർ, വാള്യം 1, പേജ് 87, വമിനന്നാസി മൻയ്യഖൂലു വമാ യശ്അറൂന എന്ന ആയത്ത്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1998)(സുബുലുൽഹുദാ വർറശാദ്, വാള്യം 3, പേജ് 418, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)

ഇതുസംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എഴുതുന്നു: മദീനയിൽ ഔസ്, ഖസ്റജ് ഗോത്രത്തിൽപ്പെട്ട നിരവധിയാളുകൾ ശിർക്കിൽത്തന്നെയാണുണ്ടായിരുന്നത്. ബദ്റിന്റെ വിജയം അവർക്കുള്ളിൽ ചലനങ്ങൾ സൃഷ്ടിച്ചു. അവരിൽപ്പെട്ട പലയാളുകളും നബി(സ)തിരുമേനിയുടെ ഈ മഹത്തായ അഭൗമിക വിജയം കണ്ടപ്പോൾ ഇസ്‌ലാമിക സത്യസാക്ഷ്യത്തിന്റെ വക്താക്കളായി മാറി. അതിനുശേഷം മദീനയിൽനിന്ന് വിഗ്രഹാരാധനയുടെ കാര്യങ്ങൾ വളരെ വേഗം ഇല്ലാതായിക്കൊണ്ടിരുന്നു. പക്ഷേ, ചിലയാളുകളുടെ ഹൃദയത്തിൽ ഇസ്‌ലാമിന്റെ വിജയം വെറുപ്പിന്റേയും അസൂയയുടേയും കനലെരിയാൻ നിമിത്തമായി. അവർ പ്രത്യക്ഷത്തിലുള്ള എതിർപ്പ് ശരിയല്ലെന്ന് മനസ്സിലാക്കിക്കൊണ്ട് പ്രത്യക്ഷത്തിൽ ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. എന്നാൽ, ഉള്ളിന്റെയുള്ളിൽ ഇസ്‌ലാമിനെ ഇല്ലാതാക്കുന്നതിന് മുനാഫിഖീങ്ങളുടെ സംഘത്തോടൊപ്പം ചേരുകയും ചെയ്തു. ഈ ആദ്യം പറഞ്ഞ കൂട്ടരിലേറ്റവും അറിയപ്പെടുന്നയാൾ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലായിരുന്നു. അയാൾ ഖസ്റജ് ഗോത്രത്തിലെ അറിയപ്പെടുന്ന നേതാവുമായിരുന്നു. നബി(സ)തിരുമേനിയുടെ മദീനയിലേക്കുള്ള ആഗമനത്തോടുകൂടി തന്റെ നേതൃസ്ഥാനം നഷ്ടപ്പെട്ടതിൽ അയാൾ സങ്കടപ്പെട്ടു കഴിയുകയായിരുന്നു. ഇയാൾ ബദ്റിനുശേഷം പ്രത്യക്ഷത്തിൽ മുസ്‌ലിമായെങ്കിലും അയാളുടെ ഹൃദയം ഇസ്‌ലാമിന്നെതിരിൽ വെറുപ്പും വിദ്വേഷവുംകൊണ്ട് നിറഞ്ഞിരുന്നു. അയാൾ കപടവിശ്വസികളുടെ നേതാവായി മാറി. വളരെ ഗൂഢമായി ഇസ്‌ലാമിനും നബി(സ)തിരുമേനിക്കുമെതിരിൽ പദ്ധതികൾ ആസൂത്രണം ചെയ്തു തുടങ്ങി. പിന്നീടുണ്ടായ സംഭവങ്ങളിൽനിന്ന് ഇയാൾ ചില ഘട്ടങ്ങളിൽ എങ്ങനെയാണ് ഇസ്‌ലാമിന് സങ്കീർണമായ അവസ്ഥകളുണ്ടാക്കാൻ കാരണമായതെന്ന് മനസ്സിലാക്കാവുന്നതാണ്.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ. പേജ് 376-377) ഇയാളുടേത് വേറെതന്നെ നീണ്ട ചരിത്രമാണ്.

ബനൂ സുലയിം യുദ്ധം അഥവാ ഖർഖറത്തുൽ കുദ്ർ: റസൂലുല്ലാഹി(സ)ബദ്ർ യുദ്ധത്തിൽനിന്ന് മടങ്ങി വന്നതിനുശേഷം ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ ബനൂസുലയ്മിലെയും ബനൂഗത്ഫാനിലെയും ആളുകൾ ഖർഖറത്തുൽകുദ്ർ എന്ന സ്ഥലത്ത് സംഘടിച്ച് മദീനയെ ആക്രമിക്കാൻ പദ്ധതി ആസൂത്രണം ചെയ്യുന്നുവെന്ന് അറിയാൻ കഴിഞ്ഞു. ഖർഖറത്തുൽകുദ്ർ തരിശുമൈതാനത്തിലെ ഒരു അരുവിയുടെ പേരാകുന്നു. ഇത് നജ്ദിലെ വഴിയിൽ മക്കയിൽനിന്ന് സിറിയയിലേക്ക് പോകുന്ന രാജപാതയിൽ മദീനയിൽനിന്ന് 96 മൈൽദൂരെയാണ് സ്ഥിതി ചെയ്യുന്നത്.

എന്തായാലും നബി(സ)തിരുമേനിക്ക് യുദ്ധനീക്കങ്ങളെ കുറിച്ച് അറിയിപ്പ് ലഭിച്ചപ്പോൾ ബനൂസുലയ്മിനെയും ബനൂഗത്ഫാനെയും നേരിടാൻ ഉടൻതന്നെ പുറപ്പെട്ടു. അവരുടെ ദുഷ്ചിന്തകളെ മറമാടണമെന്നു തീരുമാനിച്ചു. അങ്ങനെ നബി(സ) തിരുമേനി 300 സ്വഹാബത്തടങ്ങുന്ന സൈന്യവുമായി സ്വയം ഖർഖറത്തുൽകുദ്റിലേക്ക് പുറപ്പെട്ടു.സൈന്യം പുറപ്പെടുന്നതിനെപ്പറ്റി വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഇബ്നു ഇസ്ഹാഖിന്റെ അഭിപ്രായത്തിൽ നബി(സ)തിരുമേനി ബദ്ർ യുദ്ധത്തിൽനിന്ന് തിരിച്ചുവന്ന് ഏതാനും ദിവസത്തിനു ശേഷം ഹിജ്റ രണ്ടാം വർഷം റമളാൻ അവസാനത്തിലോ ശവ്വാൽ ആരംഭത്തിലോ ആണ് ഈ സൈനിക നീക്കത്തിന് പുറപ്പെട്ടത്. ത്വബഖാത്ത് ഇബ്നു സഅ്ദിൽ എഴുതിയിരിക്കുന്നു: ബനൂസുലയിം യുദ്ധം ജമാദുൽ അവ്വൽ ആറാം തിയതിയാണുണ്ടായത്. വാഖ്ദിയുടെ അഭിപ്രായത്തിൽ ഈ യുദ്ധം ഹിജ്റ മൂന്നാം വർഷം, മുഹർറമാസം പകുതിയോടെയാണുണ്ടായത്. വാഖ്ദിയുടെ നിവേദനങ്ങൾ പൊതുവിൽ ദുർബലമാകുന്നു. ഈ യുദ്ധത്തിന്റെ നേതൃത്വം നബി(സ)തിരുമേനി സ്വയം ഏറ്റെടുത്തു. നബി(സ)തിരുമേനിയുടെ പതാക വാഹകൻ ഹദ്റത്ത് അലിയായിരുന്നു. ഇസ്‌ലാമിക പതാകയുടെ നിറം വെളുപ്പായിരുന്നു.(സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 281, സുലയിം യുദ്ധം, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)(അത്ത്വബഖാത്തുൽ കുബ്റാ, വാള്യം 2, പേജ്27, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)(അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി ഇസ്ഹാഖ്, വാള്യം 1, പേജ് 319, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2004)(കിതാബുൽമഗാസി ലിൽവാഖ്ദി, വാള്യം 1, പേജ് 182,

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

ആലമുൽകുതുബ് ബെയ്റത്ത്, 1984)(ഫർഹങ്കെ സീറത്ത്, പേജ് 242, മുഅ്ജമുൽബുൽദാൻ, വാല്യം 4, പേജ് 501, അൽമുൻജിദ്, പേജ് 33, പേജ് 624)

നബി(സ)തിരുമേനി മദീനയിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമ്മിമക്തൂമിനെ തന്റെ പ്രതിനിധിയായി നിയോഗിച്ചു. നബി(സ)തിരുമേനി അന്ന് ഹദ്റത്ത് സിബാഅ് ബിൻ ഉർഫുത്വ ഗിഫാരിയെയാണ് മദീനയിൽ പ്രതിനിധിയായി നിയോഗിച്ചതെന്നും പറയപ്പെടുന്നു. ഈ രണ്ടു കാര്യങ്ങളെയും പൊതുവിൽ വിശദീകരിച്ചു കൊണ്ട് പറയുന്നു: സംഘടനാപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ ഹദ്റത്ത് സിബാഅ്നേയും പതിവുപോലെ നമസ്കാരത്തിന് നേതൃത്വം നല്കാൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമ്മി മക്തൂമിനെയും നിയോഗിക്കുകയുണ്ടായി.(സീറത്തുൽഹൽബിയ്യ, വാല്യം 2, പേജ് 280, ഗസ്വത്ത് സുലയിം, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 2002)

ഏതായാലും ശത്രുക്കൾക്ക് അതായത് ബനൂ സുലയ്മിനും ബനൂ ഗത്ഫാനും 300 പേരടങ്ങുന്ന ഇസ്ലാമിക സൈന്യം വരുന്നുണ്ടെന്നു അറിവു ലഭിച്ചപ്പോൾ, അതാണെങ്കിൽ അവരൊരിക്കലും പ്രതീക്ഷിക്കാത്തതായിരുന്നു, ഭയപ്പെട്ടുകൊണ്ട് അവിടെനിന്ന് ഓടിമറഞ്ഞു. മലകളുടെ മുകളിലെത്തി. (അത്ത്വബഖാത്തുൽകുബ്റാ, വാല്യം 2, പേജ് 26, ഗസ്വത്തു റസൂൽ(സ), ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)

നബി(സ)തിരുമേനി ഇസ്ലാമിക സൈന്യവുമായി കുദ്ർ താഴ്വരയിലെത്തിയപ്പോൾ ഒട്ടകങ്ങളുടെ കാലടിപ്പാടുകളും അവയ്ക്ക് വെള്ളം കൊടുക്കുന്ന സ്ഥലങ്ങളും മാത്രമേ കാണാൻ കഴിഞ്ഞുള്ളു. ആ പ്രദേശത്ത് ഒരു ശത്രുവിനെപോലും കാണാൻ കഴിഞ്ഞില്ല.(കിതാബുൽ മഗാസി ലിൽവാഖ്ദി, വാല്യം 1, പേജ് 182, ഗസ്വ ഖറാറത്തുൽകുദ്ർ, ആലമുൽകുതുബ് ബെയ്റുത്ത് 1984)

നബി(സ)തിരുമേനി സ്വഹാബാക്കളുടെ ഒരു സൈനിക സംഘത്തെ താഴ്വരയുടെ മേൽഭാഗത്ത് പറഞ്ഞുവിട്ടു. ഏതെങ്കിലും രീതിയിലുള്ള അസ്വസ്ഥതകൾ അഭിമുഖീകരിക്കാതെതന്നെ താഴ്വരയുടെ മധ്യഭാഗത്തേക്ക് നബി(സ)തിരുമേനിയും പുറപ്പെട്ടു. അവിടെ മേൽപ്പറഞ്ഞ ഗോത്രങ്ങളുടെ ചില ആട്ടിടയന്മാരെ കാണാനിടയായി. അവരിൽ യസാർ എന്ന് പേരുള്ള ഒരു അടിമയുമുണ്ടായിരുന്നു. നബി(സ) തിരുമേനി അയാളോട് ബനൂ സുലയ്മിനെയും ഗത്ഫാനെയും സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായി. അയാൾ പറഞ്ഞു: എനിക്ക് അവരെ കുറിച്ചൊന്നുമറിയില്ല. ഞാൻ ഒട്ടകങ്ങളെ വെള്ളം കുടിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. ചിലതിനു നാലാം ദിവസവും അഞ്ചാം ദിവസവും വെള്ളം കുടിപ്പിക്കാനുള്ള ഊഴമെത്തും. തദ്ദേശവാസികൾ അരുവിയുടെ മുകൾ ഭാഗത്ത് പോയിട്ടുണ്ട്. ഞങ്ങൾ ഈ ഒട്ടകക്കൂട്ടങ്ങളുമായി അവരിൽനിന്ന് വേർപെട്ടിരിക്കുന്നു. ഏതായിരുന്നാലും നബി(സ)തിരുമേനി അവർ യുദ്ധസന്നാഹവുമായി വന്നിരുന്നതിനാൽ അവരുടെ ഒട്ടകങ്ങളെയും അതിന്റെ ഇടയന്മാരെയും തന്റെ അധീനതയിലേറ്റെടുത്തു. മൂന്ന് രാത്രി നബി(സ) തിരുമേനി അവിടെ തങ്ങി. ഒരു നിവേദനമനുസരിച്ച് പത്ത് രാത്രി തങ്ങിയെന്നും വന്നിട്ടുണ്ട്.

നബി(സ)തിരുമേനി ഖർഖറത്തുൽകുദ്റിൽ തങ്ങിയ അത്രയും സമയം ഒരാൾക്കുംതന്നെ നബി(സ)തിരുമേനിയെ നേരിടാൻ ധൈര്യമുണ്ടായില്ല. അങ്ങനെ നബി(സ)തിരുമേനി ഒരു വിധ യുദ്ധവും കൂടാതെ വിജയ ശ്രീലാളിതനായി തിരിച്ചുവന്നു.(ശറഹ് അസ്സുർഖാനി അലൽമവാഹിബുല്ലദുന്നീ, വാല്യം 2, പേജ് 345, ഗസ്വത്തു ബനീ സുലയിം, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 1996)

ഒരു നിവേദനത്തിൽ പറയുന്നു, നബി(സ) തിരുമേനിക്ക് സമരാർജിത(ഗനീമത്ത് മുതൽ) സ്വത്തായി 500 ഒട്ടകങ്ങൾ ലഭിച്ചിരുന്നു. ശത്രുക്കൾ യുദ്ധം ചെയ്യുക എന്ന ഉദ്ദേശ്യവുമായാണ് വന്നിരുന്നത്. അവർ തങ്ങളുടെ ഒട്ടകങ്ങൾ അവിടെ ഉപേക്ഷിച്ച് കടന്നുകളഞ്ഞു. അതുകൊണ്ട് അക്കാലത്തെ സമ്പ്രദായമനുസരിച്ച് അവരുടെ പ്രസ്തുതസമ്പത്ത് മുസ്ലിമീങ്ങൾ ഏറ്റെടുത്തു. അത് അമാനത്ത് മുതലായിരുന്നു. നബി(സ) തിരുമേനി അതിന്റെ അഞ്ചിലൊന്ന് മാറ്റിവെച്ച് ബാക്കി 400 ഒട്ടകങ്ങളെ മുസ്ലിമീങ്ങൾക്കിടയിൽ വിതരണം ചെയ്തു. ഓരോ യോദ്ധാവിനും രണ്ട് ഒട്ടകം വീതം ലഭിച്ചു. ഈ സൈന്യം 200 യോദ്ധാക്കൾ അടങ്ങുന്നതായിരുന്നു. യസാർ നബി(സ) തിരുമേനിയുടെ പങ്കിലാണ് വന്നത്. നബി(സ) തിരുമേനി അദ്ദേഹത്തെ സ്വതന്ത്രനാക്കി. അതായത് ആ ഇടയനെ നബി(സ)തിരുമേനി സ്വതന്ത്രനാക്കുകയുണ്ടായി. നബി(സ)തിരുമേനി ഈ യുദ്ധനീക്കവുമായി ബന്ധപ്പെട്ട് 15 ദിവസം മദീനക്ക് വെളിയിൽ കഴിയുകയുണ്ടായി.(സുബുലുൽ ഹുദാ വർറശാദ് ഫീ സീറത്തി ഖയ്രിൽഇബാദ്, വാല്യം 4, പേജ് 172, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)

ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഇങ്ങനെഎഴുതുന്നു: ഹിജ്റത്തിനുശേഷം, മക്കയിലെ ഖുറയ്ശികൾ വിവിധ അറേബ്യൻ ഗോത്രങ്ങളിൽ പര്യടനം നടത്തി, അവരെ മുസ്ലിമീങ്ങളുടെ ആജന്മശത്രുക്കളാക്കി മാറ്റിയിരുന്നു. ഈ ഗോത്രങ്ങളിൽ ശക്തിയിലും ആൾബലത്തിലും ഏറ്റവും പ്രധാനപ്പെട്ടത് അറേബ്യയുടെ മധ്യപ്രദേശമായ നജ്ദിൽ താമസിച്ചിരുന്ന ബനൂസുലയിം, ബനൂഗത്ഫാൻ ഗോത്രങ്ങളായിരുന്നു. മക്കയിലെ ഖുറയ്ശികൾ ഈ രണ്ട് ഗോത്രങ്ങളെയും പ്രത്യേകം തങ്ങളോടൊപ്പം ചേർത്തുകൊണ്ട് മുസ്ലിമീങ്ങൾക്കെതിരിൽ അണിനിരത്തിയിരുന്നു. സർ വില്യം മ്യൂർ എഴുതുന്നു: മക്കയിലെ ഖുറയ്ശികൾ നജ്ദിലേക്ക് തങ്ങളുടെ ശ്രദ്ധ തിരിച്ചു. ഈ പ്രദേശത്തുള്ള ഗോത്രങ്ങളുമായി നേരത്തേതിലുമധികം ആഴത്തിലുള്ള ബന്ധമാണുണ്ടാക്കിയത്. അതിനുശേഷം സുലയിം, ഗത്ഫാൻ ഗോത്രങ്ങൾ നബി(സ)തിരുമേനിയുടെ ബദ്ധവൈരികളായി മാറി. അവരുടെ ശത്രുത മുസ്ലിമീങ്ങൾക്കെതിരിൽ കർമരൂപം പ്രാപിക്കുകയുണ്ടായി. അങ്ങനെ ഖുറയ്ശികളുടെ പ്രകോപനവും അബൂസുഫ്യാനിന്റെ നടപടികളും മദീനയെ ആക്രമിക്കാനുള്ള അവരുടെ തീരുമാനത്തെ ബലപ്പെടുത്തി.

ഗ്രന്ഥകാരൻ ഓറിയന്റലിസ്റ്റാണെങ്കിലും, ശത്രുക്കൾ ഒരുമിച്ചുകൂടി മദീനയെ ആക്രമിക്കാൻ ആഗ്രഹിച്ചിരുന്നുവെന്നും അതുകൊണ്ട് അവരോടുള്ള പെരുമാറ്റം അതായത് സമരാർജിത സമ്പത്ത് കൊണ്ടുവന്നത് തികച്ചും അനുവദനീയമാണെന്നും അംഗീകരിക്കുന്നു.

ഏതായിരുന്നാലും ഇതേപ്പറ്റി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)തുടർന്ന് എഴുതുന്നു: നബി(സ)തിരുമേനി ബദ്റിൽനിന്ന് തിരിച്ചു മദീനയിലെത്തി ഏതാനും ദിവസങ്ങളെ ആയിട്ടുണ്ടായിരുന്നുള്ളു, സുലയിം, ഗത്ഫാൻ ഗോത്രങ്ങൾ വലിയൊരു സൈന്യവുമായി മദീനയെ ആക്രമിക്കാനുള്ള ലക്ഷ്യവുമായി ഖർഖറത്തുൽ കുദ്റിൽ സംഘടിക്കുന്നുവെന്ന് നബി(സ)തിരുമേനിക്ക് അറിയിപ്പ് ലഭിക്കുകയുണ്ടായി. ബദ്ർ യുദ്ധം കഴിഞ്ഞ് ഇത്രയും അടുത്ത ദിവസങ്ങളിൽ ഇത്തരമൊരു അറിയിപ്പ് കിട്ടാനിടയായത്, ഖുറയ്ശികൾ മുസ്ലിമീങ്ങളെ ആക്രമിക്കാനുള്ള ഉദ്ദേശ്യത്തോടുകൂടി മക്കയിൽ നിന്ന് പുറപ്പെട്ടുവെന്നും ഖുറയ്ശി മൂപ്പന്മാർ അതേ സമയത്തുതന്നെ സുലയിം, ഗത്ഫാൻ ഗോത്രങ്ങളോടു മറുഭാഗത്തുനിന്ന് മദീനയെ ആക്രമിക്കാൻ സന്ദേശം അയച്ചിട്ടുണ്ടാകാമെന്നും വ്യക്തമാക്കുന്നു. അതല്ലെങ്കിൽ അബൂസുഫ്യാൻ തന്റെ സംഘവുമായി രക്ഷപ്പെടുമ്പോൾ ഏതെങ്കിലും സന്ദേശവാഹകൻ മുഖേനയോ മറ്റോ ഈ ഗോത്രങ്ങളോടു മുസ്ലിമീങ്ങൾക്കെതിരിൽ പുറപ്പെടാൻ ആഹ്വാനം ചെയ്തിട്ടുണ്ടാകാം. ഏതായിരുന്നാലും നബി(സ) തിരുമേനി ബദ്ർ യുദ്ധത്തിൽനിന്ന് വിരമിച്ച് മദീനയിലെ ത്തിയതേ ഉണ്ടായിരുന്നുള്ളു, അപ്പോഴാണ് സുലയിം, ഗത്ഫാൻ ഗോത്രങ്ങൾ മുസ്ലിമീങ്ങളെ ആക്രമിക്കുമെന്ന അസ്വസ്ഥഭരിതമായ അറിയിപ്പു ലഭിക്കുന്നത്. ഈ വാർത്ത കേട്ടപ്പോൾ നബി(സ)തിരുമേനി ഉടൻ തന്നെ സ്വഹാബാക്കളുടെ ഒരു സംഘവുമായി പ്രതിരോധം തീർക്കാൻ മദീനയിലേക്ക് പുറപ്പെട്ടു. എന്നാൽ, നബി(സ) തിരുമേനി പ്രയാസഭരിതമായ യാത്ര ചെയ്ത് കുദ്റിന്റെ ഖർഖറയിൽ അതായത് വരണ്ട സമതലത്തിലെത്തിയപ്പോൾ, സുലയിം, ഗത്ഫാൻ ഗോത്രങ്ങളുടെ സൈന്യം, മുസ്ലിം സൈന്യം വരുന്നതറിഞ്ഞതിനെ തുടർന്ന് മലമുകളിൽ കയറി ഒളിച്ചുവെന്ന് മനസ്സിലായി. നബി(സ)തിരുമേനി ഒരു സൈനിക സംഘത്തെ അവരെ അന്വേഷിക്കാൻ പറഞ്ഞയച്ചു. അവർ താഴ്വരയുടെ മധ്യഭാഗത്ത് എത്തിയെങ്കിലും അവർക്ക് ഒരുവിധ സൂചനയും ലഭിച്ചില്ല. അതേസമയം ശത്രുക്കളുടെ ഒരു ഒട്ടകക്കൂട്ടം ഒരു താഴ്വരയിൽ മേയുന്നതായി കണ്ടു. അപ്പോൾ അന്നത്തെ യുദ്ധ നിയമമനുസരിച്ച് സ്വഹാബാക്കൾ അവയെ കൈവശപ്പെടുത്തി. അതുകഴിഞ്ഞ് നബി(സ)തിരുമേനി മദീനയിലേക്ക് തിരിച്ചു. ഈ ഒട്ടകങ്ങളുടെ ഇടയനായ യസാർ എന്നു പേരുള്ള അടിമ ഒട്ടകങ്ങൾക്കൊപ്പം ബന്ദിയായി പിടിക്കപ്പെട്ടു. അയാൾ നബി(സ)തിരുമേനിയുടെ സഹവാസത്തിന്റെ ഫലമായി ചുരുങ്ങിയ കാലം കൊണ്ടു തന്നെ മുസ്ലിമായി. നബി(സ) തിരുമേനി തന്റെ പതിവു രീതിയനുസരിച്ച് ഔദാര്യപൂർവം യസാറിനെ സ്വതന്ത്രനാക്കിയെങ്കിലും അദ്ദേഹം മരണം വരേയും നബി(സ)തിരുമേനിയുടെ സേവനത്തിൽനിന്ന് പിന്മാറിയില്ല.(സീറത്ത് ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ). പേജ് 452-453)

മുസ്ലിമീങ്ങളുടെ ആദ്യത്തെ ഈദുൽഫിത്ർ ഹിജ്രി രണ്ടാം വർഷം ശവ്വാലിലായിരുന്നു. അതിനെക്കുറിച്ചെഴുതിയിരിക്കുന്നു: ഹിജ്റത്തിന്റെ രണ്ടാം വർഷം റമളാനിന്റെ സമാപനത്തിലാണന ബി(സ)തിരുമേനി ആദ്യമായി ഈദുൽഫിത്ർ ആഘോഷിച്ചത്. നബി(സ)തിരുമേനി ചോദിച്ചു: നിങ്ങൾ ജാഹിലിയ്യാ കാലഘട്ടത്തിൽ രണ്ട് ദിവസങ്ങളിൽ നടത്തിയിരുന്ന സന്തോഷ പ്രകടനത്തിന്റെ യാഥാർഥ്യവും പ്രസക്തിയും എന്തായിരുന്നു? അവിടെയുണ്ടായിരുന്നവർ പറഞ്ഞു: ഇന്നും നടപ്പിലുള്ള രീതിയിൽ തന്നെയാണ് ഞങ്ങൾ ഇതിന് മുമ്പേയും ഉത്സവം കൊണ്ടാടിയിരുന്നത്. നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു ആ രണ്ട് ഉത്സവങ്ങളേക്കാളും നല്ല ദിവസങ്ങൾ നിങ്ങൾക്കുവേണ്ടി നിശ്ചയിച്ചിരിക്കുന്നു. സ്വഹാബാക്കൾ ഏറെ ആകാംക്ഷയോടെ ചോദിച്ചു: യാ റസൂലല്ലാഹ്! ആ ദിവസങ്ങളേതൊക്കെയാണ്?നബി(സ) തിരുമേനി പറഞ്ഞു: ഈദുൽ ഫിത്റും ഈദുൽ അള്ഹിയായും. ഈ രണ്ട് ദിവസങ്ങളിലാരും നോമ്പെടുക്കരുത്. പ്രത്യുത ഭക്ഷണം കഴിക്കുകയും ആഘോഷിക്കുകയും വേണം.

ഈ രണ്ട് ഈദിന്റേയും ദിവസങ്ങളിൽ നബി(സ) തിരുമേനി ഈദുഗാഹിൽ പോയിരുന്നു. ഈദുഗാഹ് മദീനയുടെ കിഴക്ക് ഭാഗത്താണുണ്ടായിരുന്നത്. ഈദു ദിവസം നബി(സ)തിരുമേനി ഒരു വഴിയിലൂടെ പോവുകയും തിരിച്ചു വരുമ്പോൾ മറ്റൊരു വഴിയിലൂടെ വരികയും ചെയ്തിരുന്നു. അങ്ങനെ അതൊരു ജാഥപോലെയായിത്തീർന്നി

രുന്നു. അമുസ്‌ലിമീങ്ങൾക്കുമേൽ അത് ഒരുതരം ഭയവുമുണ്ടാക്കിയിരുന്നു. ഒരിക്കൽ നബി(സ)തിരുമേനി മസ്ജിദ് നബ്‌വിയിലും ഈദ് നമസ്കരിച്ചിരുന്നു. കാരണം അന്ന് ഈദ് സമയത്ത് ശക്തമായ മഴയുണ്ടായിരുന്നു.(സീറത്തുന്നബി(സ)കാ എൻസൈക്ലോപീഡിയ, സയ്യിദ് ഖാസിം മഹ്മൂദ്, വാല്യം 1, പേജ് 411, മക്തബത്തുൽ ഫയ്സൽ ലാഹോർ 2014)

ഈദുൽ ഫിത്വ്റിനെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: റമളാനിലെ നോമ്പ് നിർബന്ധമായതിനുശേഷം റമളാനിന്റെ സമാപനമായപ്പോൾ നബി(സ)തിരുമേനി ദൈവിക കൽപ്പന പ്രകാരം സ്വദഖത്തുൽ ഫിത്വ്റിനെ സംബന്ധിച്ച് കൽപ്പന നൽകി. അതായത് കഴിവുള്ള ഓരോ മുസ്‌ലിമും തന്റെയും തന്റെ കുടുംബാദികളുടെയും തനിക്ക് കീഴിലുള്ളവരുടെയും ഓരോരുത്തരുടെയുംപേരിൽ ഒരു സ്വാഅ്(ഏകദേശം 2.6 കിലോഗ്രാം) ഈന്തപ്പഴമോ മുന്തിരിയോ ഗോതമ്പോ മറ്റോ സ്വദ്ഖ എന്ന നിലയിൽ ഈദിനു മുമ്പേ കൊടുക്കേണ്ടതാണ്. ഈ സ്വദഖ ദരിദ്രർക്കും അഗതികൾക്കും അനാഥർക്കും വിധവകൾക്കും മറ്റും വിതരണം ചെയ്യേണ്ടതാണ്. അത് സാമ്പത്തിക ശേഷിയുള്ള ആളുകളുടെ ഭാഗത്തുനിന്ന് നോമ്പനുഷ്ഠാനത്തിൽ വന്നിട്ടുള്ള വീഴ്ചകൾക്ക് പ്രായശ്ചിത്തമാകുന്നതാണ്. ദരിദ്രരായ ആളുകളെ സംബന്ധിച്ചിടത്തോളം ഈദുദിവസം അതൊരു സാമ്പത്തിക സഹായവുമായിരിക്കും. അങ്ങനെ നബി(സ)തിരുമേനിയുടെ ഈ കൽപ്പന പ്രകാരം റമളാനിലെ ഈദിനുമുമ്പേ സ്വദഖത്തുൽ ഫിത്വർ ചെറുതും വലുതുമായ എല്ലാ മുസ്‌ലിം സ്ത്രീപുരുഷന്മാരിൽനിന്നും പിരിച്ചെടുത്ത് അനാഥർക്കും ദരിദ്രർക്കും അഗതികൾക്കും വിതരണം ചെയ്യപ്പെടുന്നു.

ഈദുൽ ഫിത്വ്റും ഇതേവർഷം തന്നെയാണ് ആരംഭിച്ചത്. അതായത് റമളാൻമാസം അവസാനിച്ചാൽ ശവ്വാൽ ഒന്നാം തിയതി മുസ്‌ലിമീങ്ങൾ ഈദാഘോഷിക്കണമെന്ന് നബി(സ)തിരുമേനി കൽപ്പിച്ചു.

ഈ ഈദ് അല്ലാഹു നമുക്ക് റമളാനിൽ ആരാധനകളനുഷ്ഠിക്കാൻ സൗഭാഗ്യം തന്നതിലുള്ള സന്തോഷ പ്രകടനമാകുന്നു. പക്ഷേ, അതിലും ദൈവാനുരക്തിയുടെ പ്രൗഢി നോക്കുക, നബി(സ) തിരുമേനി ഈ സന്തോഷ പ്രകടനത്തിനും ഒരു ഇബാദതുതന്നെയാണ് നിശ്ചയിച്ചത്.

ഈദിന്റെ ദിവസം എല്ലാ മുസ്‌ലിമീങ്ങളും ഏതെങ്കിലും തുറസ്സായ സ്ഥലത്ത് ഒരുമിച്ചുകൂടി ആദ്യം രണ്ട് റക്അത്ത് നമസ്കരിക്കണമെന്ന് കൽപ്പിച്ചു. അതിനുശേഷം അനുവദനീയമായ നിലയിൽ സന്തോഷപ്രകടനം നടത്താവുന്നതാണ്. കാരണം ആത്മാവിന്റെ സന്തോഷവേളയിൽ അതിൽ ശരീരത്തേയും ഉൾപ്പെടുത്തേണ്ടത് ശരീരത്തിന്റെ അവകാശമാകുന്നു. വാസ്തവത്തിൽ ഇസ്‌ലാം സംഘടിതമായ രീതിയിൽ അനുഷ്ഠിക്കുന്ന എല്ലാ വലിയ ഇബാദത്തുകളുടെയും സമാപനത്തിൽ ഈദുകൾ വെച്ചിരിക്കുന്നു. നമസ്കാരങ്ങളുടെ ഈദ് ജുമുഅ ആകുന്നു. അത് ഓരോ ആഴ്ചയും നമസ്കാരങ്ങൾക്കുശേഷം വരുന്നു. അതിനെ ഇസ്‌ലാം എല്ലാ ഈദുകളേക്കാളും ശ്രേഷ്ഠമാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ഹജ്ജിന്റെ ഈദ്, ഈദുൽ അള്ഹിയ ആകുന്നു. അത് ഹജ്ജിന്റെ അടുത്ത ദിവസമാണ് ആഘോഷിക്കുന്നത്. അതേസമയം ഈ ഈദുകളും സ്വയം ഒരു ഇബാദത്തു തന്നെയാകുന്നു. ചുരുക്കത്തിൽ ഇസ്‌ലാമിലെ ഈദുകൾ ഒരു പ്രത്യേക പ്രൗഢി ഉൾക്കൊള്ളുന്നവയാകുന്നു. അത് ഇസ്‌ലാമിന്റെ യാഥാർഥ്യത്തിലേക്കും വെളിച്ചം വീശുന്നുണ്ട്. മാത്രമല്ല ഇസ്‌ലാം ഏതുവിധത്തിലാണ് മുസ്‌ലിമീങ്ങളുടെ എല്ലാ കർമങ്ങളേയും ദൈവ സ്മരണയുമായി ബന്ധിപ്പിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാനും അവസരം ലഭിക്കുന്നു.

അതുകൊണ്ട് ഇതാണ് ഈദുകളുടെ പ്രാധാന്യമെന്നോർക്കുക, എപ്പോഴും സന്തോഷപ്രകടനം മാത്രം പോരാ. പ്രത്യുത ദൈവസ്മരണയും ഉണ്ടായിരിക്കേണ്ടതാണ്. ആരാധനയും ഉണ്ടായിരിക്കേണ്ടതാണ്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) തുടർന്നെഴുതുന്നു: എനിക്ക് ചരിത്രവിവരണത്തിൽ നിന്ന് മാറേണ്ടി വരില്ലായിരുന്നെങ്കിൽ എങ്ങനെയാണ് ഇസ്‌ലാം ഒരു മുസ്‌ലിമിന്റെ അനക്കമടക്കവും വാക്കും പ്രവർത്തിയുമെല്ലാം ദൈവസ്മരണയുടെ സാരാംശമാക്കിയതെന്ന് ഞാൻ വിശദമാക്കുമായിരുന്നു. എത്രത്തോളമെന്നാൽ ദിനേനയുള്ള പതിവ് നടത്തവും ഇരുത്തവും ഉറക്കവും ഉണർവും അന്നപാനീയങ്ങൾ കഴിക്കുന്നതും കുളിക്കുന്നതും വൃത്തിയാക്കുന്നതും വസ്ത്രം മാറുന്നതും ചെരിപ്പ് ധരിക്കുന്നതും ഉയരത്തിലേക്ക് കയറുന്നതും ഇറങ്ങുന്നതും മസ്ജിദിൽ കയറുന്നതും അവിടെ നിന്നിറങ്ങുന്നതും സുഹൃത്തിനെ കാണുന്നതും ശത്രുക്കളെ അഭിമുഖീകരിക്കുന്നതും പിറവി ചന്ദ്രനെ കാണുന്നതും ഭാര്യയെ സമീപിക്കുന്നതുമടക്കം എല്ലാമാരംഭിക്കുമ്പോഴും അവസാനിക്കുമ്പോഴും എന്തിനധികം തുമ്മുമ്പോഴും കോട്ടുവായിടുമ്പോഴും പോലും അതിനെയൊക്കെ ഏതെങ്കിലും വിധത്തിൽ ദൈവസ്മരണയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.

അതിനാൽ ഈ ഇസ്‌ലാമിക അധ്യാപനങ്ങൾ ഒരു യഥാർഥ മുസ്‌ലിം എപ്പോഴും അവലംബിക്കേണ്ടതാണ്. എല്ലാ സമയത്തും എല്ലാ കാര്യത്തിലും അല്ലാഹു നമുക്ക് മുന്നിൽ ഉണ്ടാകേണ്ടതാണ്.


ഈയൊരു പരിതഃസ്ഥിതിയിലാണ് അറേബ്യയിലെ മുശ്‌രിക്കീങ്ങൾ ഇസ്‌ലാം കൊണ്ടുവന്ന, അവരുടെ വീക്ഷണത്തിൽ ഇസ്‌ലാമുണ്ടാക്കിയ നബി(സ)തിരുമേനിയെ സംബന്ധിച്ച് മുഹമ്മദ് തന്റെ ദൈവത്തിൽ ഉന്മത്തനായെന്ന് പറഞ്ഞെങ്കിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. യഥാർഥത്തിൽ ഒരു ഭൗതിക ന് ഇക്കാര്യങ്ങൾ ഭ്രാന്താണെന്നല്ലാതെ മറ്റൊന്നുമായി കാണാൻ കഴിയുകയില്ല. എന്നാൽ, ആരാണോ തന്റെ അസ്തിത്വത്തിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കിയത് അവനെ സംബന്ധിച്ചിടത്തോളം അതിന്റെ പേരാണ് ജീവിതമെന്ന് അവനറിയുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ). പേജ് 337-338). അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ എപ്പോഴും മനുഷ്യനുണ്ടാകുക എന്നതാണ് യഥാർഥജീവിതം.

ഇക്കാലത്ത് ബദ്ർ യുദ്ധത്തിനുശേഷം ഉഹദിനു മുമ്പേ രണ്ട് സംശയാസ്പദമായ സംഭവങ്ങളെ സംബന്ധിച്ചും പരാമർശം കാണപ്പെടുന്നുണ്ട്. ബദ്ർ യുദ്ധത്തിനു ശേഷവും ഉഹദ് യുദ്ധത്തിനു മുമ്പേയുമായി പറയപ്പെടുന്ന ഈ സംഭവങ്ങളെപ്പറ്റി ഒരു പൊതുവായ അവലോകനം നടത്തുകയാണെങ്കിൽ അത് കെട്ടിച്ചമച്ചതാണെന്ന് വളരെ വ്യക്തമായും മനസ്സിലാകുന്നതാണ്.

ആദ്യത്തെ സംഭവം അസ്മാ ബിൻത് മർവാനിന്റെ വധമാണ്. ആ സ്ത്രീ വധിക്കപ്പെട്ടതാണെന്ന് വിവരിക്കപ്പെടുന്നു. അതിന്റെ വിശദീകരണത്തിൽ പറയപ്പെട്ടിട്ടുള്ളത്, ഹദ്റത്ത് ഉമയ്ർ ബിൻ അദിയ്യ് ഖിത്മി ഒരു അന്ധനായ സ്വഹാബിയായിരുന്നു. ഹദ്റത്ത് ഉമയ്റാണ് ബനൂ ഖിത്മ ഗോത്രത്തിൽ നിന്ന് ഏറ്റവുമാദ്യം മുസ്‌ലിമായത്. ഹിജ്റത്തിന്റെ രണ്ടാം വർഷമായിരുന്നു. റമളാനിലെ അഞ്ചുരാത്രി ബാക്കിയുണ്ടായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഉമയ്ർ ബിൻ അദിയ്യ് ഖിത്മിയെ യഹൂദി സ്ത്രീയായ അസ്മാ ബിൻത് മർവാനിന്റെ അടുക്കൽ അയച്ചു. ഈ സ്ത്രീ മുസ്‌ലിമായ മർഥദ് ബിൻ സയ്ദ് ബിൻ ഹിസ്വൻ അൻസ്വാരിയുടെ ഭാര്യയായിരുന്നു. ഇസ്‌ലാമിനെ ചീത്ത പറഞ്ഞിരുന്നുവെന്നതാണ് അസ്മാ ബിൻത് മർവാനിനെ വധിക്കുന്നതിന് കാരണമായി പറയുന്നത്. വിശദീകരണത്തിൽ പറയുന്നു, ഈ സ്ത്രീ ഇസ്‌ലാമിനെ ചീത്ത പറയുകയും നബി(സ)തിരുമേനിക്കെതിരിൽ ജനങ്ങളെ ഇളക്കി വിടുകയും കവിതകൾ ചൊല്ലുകയും ചെയ്തിരുന്നു. ഒരു നിവേദനത്തിൽ പറയുന്നു: ഈ സ്ത്രീ മസ്ജിദു നബ്‌വിയിൽ അഴുക്കായ വസ്ത്രങ്ങൾ കൊണ്ടുവന്നിട്ടിരുന്നു. ഈ കഥ മെനഞ്ഞയാൾ ഈയൊരു നിവേദനവും ചേർത്തിട്ടുണ്ട്. അങ്ങനെ അവൾ നബി(സ)തിരുമേനിയേയും മുസ്‌ലിമീങ്ങളേയും ദ്രോഹിച്ചിരുന്നു. ഹദ്റത്ത് ഉമയ്ർ(റ)രാത്രിയുടെ അന്ധകാരത്തിൽ അവളുടെ വീട്ടിൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ നിവേദനത്തിൽ പറയുന്നു, നബി(സ)തിരുമേനി കൽപ്പിച്ചപ്പോൾ രാത്രിനേരത്ത് ആ സ്ത്രീയുടെ വീട്ടിലെത്തി. അവളുടെ മക്കൾ അവൾക്ക് ചുറ്റിലും ഉറങ്ങുന്നുണ്ടായിരുന്നു. ഒരു കുട്ടിക്ക് അവൾ മുലയൂട്ടുകയായിരുന്നു. ഉമയ്ർ തന്റെ കൈകൊണ്ട് അവളെ തട്ടി നോക്കുകയും അവളുടെ കുട്ടിയെ അവളിൽനിന്ന് മാറ്റുകയും ചെയ്തു. തന്റെ വാൾ അവളുടെ നെഞ്ചിൽ വെച്ചുകൊണ്ട് ശക്തമായി അമർത്തി. അങ്ങനെ അവളുടെ അരക്കെട്ട് ഭേദിച്ചുകൊണ്ട് വാൾ പുറത്തെത്തി. അതിനുശേഷം ഉമയ്ർ ബിൻ അദിയ്യ് മദീനയിലെത്തി, നബി(സ) തിരുമേനിക്കു പിന്നിൽ സ്വുബ്ഹി നമസ്കരിച്ചു. നബി(സ)തിരുമേനി നമസ്കാരം കഴിഞ്ഞ് എഴുന്നേറ്റപ്പോൾ ഉമയ്റിനെ കാണാനിടയായി. താങ്കൾ മർവാനിന്റെ മകളെ വധിച്ചുവോ? എന്ന് അവിടന്ന് ചോദിച്ചു. അദ്ദേഹം അതേ എന്ന് പറഞ്ഞുകൊണ്ട് ആരാഞ്ഞു, അവളെ വധിച്ചതുകൊണ്ട് എനിക്ക് വല്ല പാപവുമുണ്ടോ? ഇവിടെ ഇങ്ങനെ ചോദിച്ചതായി പറയുന്നു, മറ്റൊരിടത്ത് നബി(സ)തിരുമേനിയാണ് അദ്ദേഹത്തെ അയച്ചതെന്നും എഴുതുന്നു. അവളെ വധിച്ചതിന് തനിക്ക് വല്ല പാപവുമുണ്ടോ എന്ന് ചോദിച്ചതിന് മറുപടിയായി നബി(സ)തിരുമേനി അറബിയിലെ അറിയപ്പെടാത്ത ഒരു ഭാഷാ പ്രയോഗമാണ് പറഞ്ഞത്. എന്നിട്ട് പറഞ്ഞു: ലായൻതത്വിഹു ഫീഹാ അൻസാനി അതുകാരണത്താൽ രണ്ട് ആടുകൾപോലും പരസ്പരം പോരടിക്കുന്നതല്ല. അതായത് ആ സ്ത്രീയുടെ

**• കലാമുൽ ഇമാം •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)

SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• കലാമുൽ ഇമാം •**

"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

വധം എത്രമാത്രം നിസ്സാരമാണെന്നാൽ, അവളുടെ എതിരാളികൾപോലും അവളെ എതിർക്കുന്നതല്ല. എഴുതുന്നു, ഈ വാക്യം അല്ലെങ്കിൽ ഭാഷാപ്രയോഗം നബി(സ)തിരുമേനിയല്ലാതെ മറ്റാരും പറയുന്നതായി കേട്ടിട്ടില്ല. ഈയൊരു നിവേദനു മാത്രമാണ് ഇവിടെ കിട്ടുന്നത്. ഏതായാലും ഈ സംഭവത്തിനുശേഷം നബി(സ) തിരുമേനി ഉമയ്റിന്റെ പേര് ബസ്വീർ അഥവാ കാഴ്ചയുള്ളവൻ എന്ന് വെച്ചു. ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)പറഞ്ഞു: ദൈവാനുസരണത്തിൽ രാത്രി കഴിച്ചുകൂട്ടിയ ഈ അന്ധനെ നോക്കൂ! അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അദ്ദേഹത്തെ അന്ധനെന്ന് പറയരുത്, ബസ്വീർ (കാഴ്ചയുള്ളവൻ) എന്ന് പറയുക.

മറ്റൊരു നിവേദനത്തിൽ അസ്മായുടെ വധത്തെ സംബന്ധിച്ച് പറയുന്നു; നബി(സ)തിരുമേനി അസ്മാഅ് ബിൻത് മർവാനിനെ വധിക്കാൻ തീരുമാനിച്ചപ്പോൾ ജനങ്ങളോടു ചോദിച്ചു, ഈ സ്ത്രീയിൽനിന്ന് നമ്മെ രക്ഷിക്കാൻ ആരെങ്കിലുമുണ്ടോ? അപ്പോൾ ഉമയ്ർ ബിൻ അദിയ്യ് പറഞ്ഞു: അവളുടെ കഥ കഴിക്കേണ്ട ഉത്തരവാദിത്വം ഞാനേറ്റെടുക്കുന്നു. അതിനുശേഷം അദ്ദേഹം അസ്മായുടെ അടുക്കലെത്തി. അവൾ അപ്പോൾ ഈത്തപ്പഴം വിൽക്കുകയായിരുന്നു. ഉമയ്ർ അവൾക്ക് മുന്നിലുണ്ടായിരുന്ന ഈത്തപ്പഴത്തിലേക്ക് ചൂണ്ടിക്കൊണ്ട് ചോദിച്ചു, നിന്റെ പക്കൽ ഇതിനേക്കാൾ നല്ല ഈന്തപ്പഴമുണ്ടോ? ഉണ്ടെന്ന് അവൾ പറഞ്ഞു. ഇത്രയും പറഞ്ഞ് അവൾ വീട്ടിനുള്ളിൽ കയറി ഈത്തപ്പഴങ്ങളെടുക്കാൻ കുനിഞ്ഞപ്പോൾ ഞാൻ ചുറ്റുപാടും നോക്കി, അവളുടെ തലയിൽ വെട്ടി അവളെ കൊന്നു. തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹുവിനേയും റസൂലിനേയും സഹായിച്ച ആളെ കാണണമെന്നുള്ളവർ ഉമയ്ർ ബിൻ അദിയ്യിനെ നോക്കിക്കൊള്ളട്ടെ.

ഒരു നിവേദനത്തിൽ ഇങ്ങനെയുണ്ട്: നബി(സ) തിരുമേനി അസ്മാ ബിൻത് മർവാനിനെ വധിക്കുന്നത് അനുവദനീയമാണെന്ന് പറഞ്ഞപ്പോൾ ഹദ്റത്ത് ഉമയ്ർ, നബി(സ)തിരുമേനി ബദ്ർ യുദ്ധത്തിൽ നിന്ന് സുരക്ഷിതനായി മദീനയിൽ തിരിച്ചെത്തിയാൽ താൻ അസ്മായെ വധിക്കുന്നതാണെന്ന് നേർച്ച നേരുകയുണ്ടായി. അതായത് ബദ്ർ യുദ്ധത്തിനു പോകുന്നതിനു മുമ്പേതന്നെ കൽപ്പന നൽകിയിരുന്നു. അതുകൊണ്ടാണ് യുദ്ധത്തിൽനിന്ന് തിരിച്ചു വന്നശേഷം വധിക്കുമെന്ന് പറഞ്ഞത്. അങ്ങനെ നബി(സ)തിരുമേനി യുദ്ധത്തിൽ നിന്ന് വിജയശ്രീലാളിതനായി മദീനയിൽ തിരിച്ചെത്തിയപ്പോൾ ഹദ്റത്ത് ഉമയ്ർ തന്റെ നേർച്ച പൂർത്തിയാക്കുന്നതിനു അസ്മായുടെ വീട്ടിലെത്തി അവളെ വധിക്കുകയുണ്ടായി. ഒരു നിവേദനത്തിൽ പറയുന്നു: അസ്മാ ബിൻത് മർവാനിനെ വധിച്ചശേഷം ഹദ്റത്ത് ഉമയ്ർ തിരിച്ച് അവരുടെ സ്ഥലത്ത് പോയപ്പോൾ ആ സ്ത്രീയുടെ മക്കൾ അവളെ മറമാടുകയായിരുന്നു. അവർ ഉമയ്റിനെ കണ്ടപ്പോൾ ചോദിച്ചു: ഉമയ്റേ! താങ്കളാണോ ഇവരെ വധിച്ചത്? അദ്ദേഹം പറഞ്ഞു: അതേ. തുടർന്ന് പറഞ്ഞു:ഫക്കീദൂനീ ജമീഅൻ ഥുമ്മ ലാ തുൻളിറൂൻ നിങ്ങളെല്ലാവരുംകൂടി എനിക്കെതിരിൽ നീങ്ങുകയും എനിക്ക് സാവകാശം നൽകാതിരിക്കുകയുമാണെങ്കിലും ശരി എന്റെ ജീവൻ ആരുടെ കൈയിലാണോ അവനാണ! നിങ്ങളെല്ലാവരും ചേർന്ന് ഈ സ്ത്രീ പറഞ്ഞിരുന്നതു പോലെ പറയുകയാണെങ്കിൽ ഞാൻ നിങ്ങളുടെ എല്ലാവരുടേയും തല കൊയ്യാൻ തുടങ്ങുന്നതാണ്. പിന്നെ ഒന്നുകിൽ ഞാൻ ശഹീദാകും അല്ലെങ്കിൽ നിങ്ങളെ നരകത്തിൽ അയക്കുന്നതായിരിക്കും. ആ ദിവസം മുതൽ ബനൂഖിത്മീ ഗോത്രത്തിൽ പ്രകടമായ നിലയിൽ ഇസ്‌ലാം വ്യാപിക്കാൻ തുടങ്ങി. അതിനുമുമ്പേ അവരിൽ മുസ്‌ലിമീങ്ങളായവർപോലും തങ്ങൾ മുസ്‌ലിമീങ്ങളായ കാര്യം മറച്ചുവെക്കുകയായിരുന്നു.

അല്ലാമാ സുഹയ്‌ലി എഴുതി: അസ്മായെ വധിച്ചത് അവളുടെ ഭർത്താവ് തന്നെയായിരുന്നു. ഇസ്തീആബ് എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് ഉമയ്റിന്റെ ചരിത്രത്തിൽ അദ്ദേഹം തന്റെ സഹോദരിയേയും വധിച്ചിരുന്നുവെന്ന് എഴുതിയിട്ടുണ്ട്. കാരണം അവൾ നബി(സ)തിരുമേനിയെ ചീത്ത പറഞ്ഞിരുന്നുവെന്നു പറയുന്നു. പക്ഷേ, ഇസ്തീആബിൽ ഉമയ്റിന്റെ സഹോദരിയുടെ പേര് രേഖപ്പെടുത്തിയിട്ടില്ല.(സീറത്ത് ഹൽബിയ്യ(മുത്തർറജിം)വാള്യം 3, പേജ് 482-485, പ്രസാധനം ദാറുൽഇശാഅത്ത് കറാച്ചി 2009)(സുബുലുൽ ഹുദാ വർറശാദ്, വാള്യം 6, പേജ് 21, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)

ഈ എല്ലാ കഥകളും വിവരിക്കപ്പെട്ടിട്ടുണ്ട്. ചില ജീവചരിത്ര ഗ്രന്ഥങ്ങളിൽ ഈ സംഭവത്തെ പറ്റി കാണുന്നുണ്ട്. എന്നാൽ, സ്വിഹാഹുസിത്തയിലോ മറ്റേതെങ്കിലും ആധികാരിക ഹദീഥുകളിലോ ഇതേപ്പറ്റി പരാമർശം പോലുമില്ല. വാസ്തവത്തിൽ പിന്നീടുവന്ന ആളുകൾ ഇത്തരം കാൽപ്പനിക, കെട്ടുകഥകളെ തങ്ങളുടെ ഗ്രന്ഥങ്ങളിൽ ചേർക്കുകയും നബിനിന്ദയ്ക്കുള്ള ശിക്ഷയെന്ന നിലയ്ക്ക് തെളിവായി ഇവ ഉദ്ധരിക്കുകയും ചെയ്യുന്നു. ഇതുതന്നെയാണ് ഇക്കാലത്തെ മുല്ലാക്കൾ നബിനിന്ദ ചെയ്യുന്നവരെ വധിക്കുന്നതിന് തെളിവ് നൽകുന്നത്. വാസ്തവത്തിൽ നബിനിന്ദക്ക് ഇത്തരത്തിലുള്ള ഒരു വിധ ശിക്ഷയും ഇസ്‌ലാമിക ശരീഅത്തിലില്ല. മാത്രമല്ല ഇത്തരം സംഭവങ്ങൾക്കും ഒരുവിധ അടിസ്ഥാനവുമില്ല.

ഉദാഹരണമായി നമ്മൾ ഈ സംഭവത്തെ വിശകലനം ചെയ്യുമ്പോൾ ഈ നിവേദനം പ്രാമാണികമായി ദുർബലമാണെന്ന് കാണാൻ കഴിയും. അല്ലാമാ അൽബാനി ഈ ഹദീഥ് കെട്ടിച്ചമച്ചതാണെന്ന് പറയുന്നു. അല്ലാമാ നാസ്വിറുദ്ദീൻ അൽബാനി തന്റെ 'സിൽസിലത്തുൽ അഹാദീഥു ള്ളയീഫത്തുഹു വ മൗളൂഅത്തഹു' എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു: ഇതിന്റെ ഒരു നിവേദകൻ മുഹമ്മദു ബിൻ ഉമർ വാഖ്ദിയാണ്. അയാൾ കള്ളം പറയുന്ന ആളാകുന്നു. ഇബ്നു മുഈൻ ഇത് ളയീഫാണെന്ന് പറയുന്നു. (സിൽസിലത്തുൽ അഹാദീഥു ള്ളയീഫത്തുഹു വ മൗളൂഅത്തഹു, വാള്യം 13, പേജ് 34-35, രിവായത്തു നമ്പർ 6013, മക്തബത്തുൽമആരിഫ് അർരിയാള് 2004)

ഇനി നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ നിരവധി ചോദ്യങ്ങളുയരുന്നുണ്ട്. ഉദാഹരണം സ്വഹാബി അന്ധനായിരുന്നു. പിന്നെങ്ങനെയാണ് അദ്ദേഹം തനിയെ ആ സ്ത്രീയുടെ വീട്ടിലെത്തിയത്? വഴി നേരത്തെ അറിയാമായിരിക്കാമെന്നും സ്ഥിരമായി പോകുന്ന വഴിയാണെന്നും അതുകൊണ്ട് അനുമാനംവച്ച് അവിടെ എത്തിയെന്നുമാണ് പറയുന്നതെങ്കിൽ രാത്രി സമയത്ത് എങ്ങനെയാണ് തനിയെ അവിടെയെത്തിയത്? വീടിന്റെ വാതിൽക്കലുമെത്തി. വീട്ടിനുള്ളിലുമെത്തി. പിന്നെ ആ അന്ധകാരത്തിൽ എങ്ങനെയാണ് ആ സ്ത്രീയെ കണ്ടെത്തിയത്? ആ സ്ത്രീയുടെ ചുറ്റും അവളുടെ മക്കൾ ഉറങ്ങുന്നുണ്ടെന്ന് എങ്ങനെയാണ് മനസ്സിലായത്? അത് ഓരോരുത്തരെയായി തപ്പിനോക്കി മനസ്സിലാക്കിയെന്ന് പറയുമായിരിക്കാം. പക്ഷേ, ഇങ്ങനെ തപ്പി നോക്കുമ്പോൾ ആരും ഉണർന്നില്ലേ? തപ്പി നോക്കിയപ്പോൾ ആ സ്ത്രീ കുട്ടിക്ക് മുലകുടിപ്പിക്കുകയാണെന്നു അറിഞ്ഞു പോലും! പിന്നെ ആ സ്ത്രീ തന്റെ മരണം മുന്നിൽ കണ്ടിട്ടു പോലും ആ അന്ധനായ വ്യക്തിയിൽനിന്ന് തന്നെ രക്ഷിക്കാനും എതിർക്കാനും ശ്രമിച്ചില്ലത്രെ! നിവേദനമനുസരിച്ച് മുലകുടിക്കുന്ന കുട്ടിയെ നിർബന്ധപൂർവം പിടിച്ചു മാറ്റുകയാണുണ്ടായത്. അദ്ദേഹം അന്ധനായിരുന്നെങ്കിലും ആ സ്ത്രീക്ക് കണ്ണിന് കാഴ്ചയുണ്ടായിരുന്നു, എന്നിട്ടും ബഹളം കൂട്ടുകയോ എതിർക്കുകയോ ചെയ്തില്ല പോലും! അവളുടെ ഭർത്താവും അവിടെ ഉറങ്ങുന്നുണ്ടായിരുന്നു. പക്ഷേ, അയാളും ഒന്നും അറിഞ്ഞില്ല! മറ്റൊരു പ്രകടമായ സംഗതി, അന്ധനായ വ്യക്തി പൊതുവിൽ ശബ്ദത്തിലൂടെയാണ് തിരിച്ചറിയുക. പക്ഷേ, അന്ധനായ ആ സ്വഹാബി ഒരുവിധ ശബ്ദവും കേൾക്കാതെ ആ സ്ത്രീ തന്നെയാണ് അസ്മാ ബിൻത് മർവാൻ എന്ന് എങ്ങനെയാണ് തിരിച്ചറിഞ്ഞത്?

രണ്ടാമത്തെ നിവേദനം നോക്കുക, കഥകളും പല തരത്തിലാണല്ലോ! ആ സ്ത്രീ ഈത്തപ്പഴം എടുക്കാൻ അകത്തുപോയപ്പോൾ സ്വഹാബി ചുറ്റുപാടും നോക്കിയപ്പോൾ ആരേയും കണ്ടില്ല. ഇവിടെ സ്വഹാബി അന്ധനാണെന്ന് ഓർക്കണം! എന്നിരിക്കെ അദ്ദേഹം എങ്ങനെയാണ് ചുറ്റുപാടും നോക്കുക? താൻ ചുറ്റുപാടും നോക്കിയപ്പോൾ ആരേയും കണ്ടില്ലെന്ന് എങ്ങനെയാണ് അദ്ദേഹത്തിന് പറയാൻ കഴിയുക? മാത്രമല്ല, നേരത്തെ ഉണ്ടായിരുന്ന ഈത്തപ്പഴങ്ങൾ കണ്ടപ്പോൾ അത് നല്ലതല്ലെന്നും മനസ്സിലാക്കി! ഇനി തൊട്ടുനോക്കിയപ്പോൾ മനസ്സിലായെന്ന് പറയുകയാണെങ്കിൽ ശരി, പക്ഷേ, ചുറ്റുപാടും നോക്കിയെന്ന് പറയുന്നതോ?

അടുത്ത നിവേദനത്തിൽ പറയുന്നു: ആ സ്വഹാബി പ്രസ്തുത സ്ത്രീയെ കൊന്നതിനുശേഷം നബി(സ)തിരുമേനിയുടെ സവിധത്തിലെ


(ശേഷം പേജ് 12ൽ)


**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ ഹോളണ്ട് പര്യടനം(ഒക്ടോബർ 2015)

**റിപ്പോർട്ട്: അബ്ദുൽ മജീദ് ത്വാഹിർ        വിവ: മൗലവി അമീൻ സാഹിബ്, മാത്ര**

2015 ഒക്ടോബർ 6 ചൊവ്വാഴ്ച: 6.45-ന് ഹുദൂർ ബയ്ത്തുന്നൂർ മസ്ജിദിൽ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. രാവിലെ 11.00 മണിക്ക് ഹുദൂർ ഓഫീസിലെത്തി. ഹോളണ്ട് ദേശീയ പത്രം റിഫോർമാ ടോറിഷ് ഡഗ്ബ്ലഡ്

ഹുദൂറുമായി നടത്തിയ മുഖാമുഖം

ഹോളണ്ട് ദേശീയ പത്രമായ റിഫോർമാ ടോറിഷ് ഡഗ്ബ്ലഡിന്റെ പ്രതിനിധി ജേക്കബ് ഹോക്ക് മാൻ ഹുദൂറുമായി കൂടിക്കാഴ്ചക്കെത്തിയിരുന്നു. ഈ പത്രത്തിന്റെ വരിക്കാർ 50000 മാണ്. ഇന്റർനെറ്റിലെ സന്ദർശകരുടെ എണ്ണം ലക്ഷങ്ങളുമാണ്. നാഷണൽ ന്യൂസ് ഏജൻസിയും ഈ ഇന്റർവ്യൂ അധികരിച്ച് പിന്നീട് വാർത്ത നല്കിയിരുന്നു.

**പത്രപ്രതിനിധി:**എല്ലാ മുസ്‌ലിം സമൂഹത്തിന്റേയും നേതാവാകലാണോ അങ്ങയുടെ ലക്ഷ്യം?

**ഹുദൂർ അൻവർ:** എനിക്ക് ഇങ്ങനെയൊരു ലക്ഷ്യമില്ല. ഇസ്‌ലാം നാമത്തിൽമാത്രം ശേഷിക്കുന്ന ഒരു കാലം വരുമെന്ന് നബി(സ)തിരുമേനി ദീർഘദർശനം ചെയ്തിരുന്നു. ജനങ്ങൾ ഇസ്‌ലാമിന്റെ അടിസ്ഥാന അധ്യാപനങ്ങൾ വിസ്മരിക്കും. പ്രസ്തുത കാലം വരുമ്പോൾ അല്ലാഹു മുസ്‌ലിമീങ്ങൾക്ക് മാർഗദർശനം ചെയ്യാൻ വാഗ്ദത്ത മഹ്ദീ മസീഹിനെ നിയോഗിക്കുമെന്നും വരാനിരിക്കുന്ന മസീഹ് ഇസ്‌ലാമിനെ ഉദ്ധരിക്കുമെന്നും യഥാർഥ ഇസ്‌ലാമിക അധ്യാപനത്തെ കുറിച്ച് ലോകരെ ജാഗ്രതപ്പെടുത്തുമെന്നും സത്യസന്ധമായ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ വ്യാപിപ്പിച്ച് മതത്തിൽനിന്ന് അകന്ന കാരണത്താൽ മുസ്‌ലിമീങ്ങളിലുണ്ടായ തെറ്റായ വിശ്വാസങ്ങൾ തിരുത്തുമെന്നും ദീർഘദർശനം ചെയ്തിരുന്നു.

നബി(സ)തിരുമേനിയുടെ ദീർഘദർശനമനുസരിച്ച് വരാനിരുന്ന മഹ്ദീ മസീഹ് വന്നുവെന്നും പ്രസ്തുത മഹ്ദീ മസീഹാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽഖാദിയാനി(അ)എന്നുമാണ് ഞങ്ങളുടെ വിശ്വാസം. ആ മഹാത്മാവ് ദിവംഗതനായതിനുശേഷം ഖിലാഫത്തിന്റെ സംവിധാനം തുടർന്നുവരുന്നു. ഞാൻ അദ്ദേഹത്തിന്റെ അഞ്ചാം ഖലീഫയാണ്. സർവ്വ ലോകത്തേയും ദൈവവുമായി ബന്ധിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. പരിപാലകനായ സ്രഷ്ടാവിനെ ലോകം തിരിച്ചറിയുക. മനുഷ്യകുലത്തോടുള്ള കടമകളെന്താണെന്ന് ജനങ്ങളോടു പറയുക. ഓരോ വ്യക്തിയും മറ്റുള്ളവരോടുള്ള കടമകൾ നിറവേറ്റുക. ഈ ലക്ഷ്യസാധ്യത്തിനുവേണ്ടി ഞങ്ങൾ മിഷണറി പ്രവർത്തനം നടത്തുന്നു. പ്രചാരണം നടത്തുന്നു. ഇസ്‌ലാമിന്റെ അടിസ്ഥാനപരവും യഥാർഥവുമായ അധ്യാപനങ്ങൾ ജനങ്ങളിലെത്തിക്കുന്നു. ലോകത്തെ ഐക്യത്തിന്റെ കണ്ണിയിൽ ചേർത്തിണക്കുക. ലോകം ഒരു കൈയിൽ ഒരുമിക്കുക. ലോകത്ത് ഐക്യം സൃഷ്ടിക്കുക. ഇതുതന്നെയാണ് ഞങ്ങളുടെ ലക്ഷ്യം.

**പത്രപ്രതിനിധി:** മറ്റു മുസ്‌ലിമീങ്ങൾ താങ്കളേയും താങ്കളുടെ ജമാഅത്തിനേയും എതിർക്കുന്നു. ഇതിന്റെ കാരണമെന്താണ്. ഇതു സംബന്ധമായുള്ള താങ്കളുടെ പ്രതികരണമെന്താണ്?

**ഹുദൂർ അൻവർ**: നബി(സ)തിരുമേനിയുടെ ദീർഘദർശനമനുസരിച്ച് വരേണ്ടുന്ന മഹ്ദീ മസീഹ് വന്നു കഴിഞ്ഞു. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പ്രസ്തുത ഇമാം മഹ്ദിയും മസീഹുമാണെന്നാണ് ഞങ്ങൾ പറയുന്നത്. മറ്റു മുസ്‌ലിമീങ്ങൾ ഇമാം മഹ്ദീ വരുമെന്ന പ്രതീക്ഷയിലാണ് ഇപ്പോഴുമുള്ളത്.

വരാനിരിക്കുന്ന മഹ്ദീ മസീഹിനെ സംബന്ധിച്ച് നബിയാണെന്ന് നബി(സ)തിരുമേനി ദീർഘദർശനം ചെയ്തിരുന്നു. നബി(സ)തിരുമേനിയെ പിൻപറ്റി വരുന്ന ശരീഅത്തില്ലാത്ത, നബി(സ) തിരുമേനിയുടെ പ്രതിഛായയായി വരുന്ന നബി. നബി(സ)തിരുമേനിയെ പിൻപറ്റി, അദ്ദേഹത്തിന്റെ പ്രതിബിംബമായി വന്ന മഹാനാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ, മറ്റു മുസ്‌ലിമീങ്ങൾ ഇത് അംഗീകരിക്കുന്നില്ല. നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീൻ ആണെന്ന് ഞങ്ങൾ ദൃഢഗാഢമായി വിശ്വസിക്കുന്നു. വിശുദ്ധ ഖുർആൻ അവസാന ശരീഅത്താണെന്നുതന്നെയാണ് ഞങ്ങളുടെ വിശ്വാസം. അദ്ദേഹത്തിനുശേഷം പുതിയ ശരീഅത്തോടുകൂടി ഒരു നബിയും വരികയില്ല. എന്നാൽ, അദ്ദേഹത്തെ പിൻപറ്റി, അദ്ദേഹത്തിന്റെ ദാസത്വത്തിൽ പുതിയ ഒരു ശരീഅത്തൊന്നും കൂടാതെ നബി വരാവുന്നതാണ്.

**പത്രപ്രതിനിധി**:മറ്റുമുസ്‌ലിമീങ്ങൾ നിങ്ങളെ അംഗീകരിക്കുന്നുണ്ടോ അങ്ങയുടെ ജമാഅത്തിൽ അവർ ചേരുന്നുണ്ടോ?

**ഹുദൂർ അൻവർ**: ഓരോ വർഷവും ലക്ഷക്കണക്കിനാളുകൾ ഞങ്ങളോടൊപ്പം ചേരുന്നുണ്ട്. വലിയൊരു വിഭാഗം ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നാണ് ചേരുന്നത്. ഏഷ്യ, അറബ് രാജ്യങ്ങൾ, യൂറോപ്പ്,അമേരിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽനിന്നെല്ലാം ആളുകൾ ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു. ഇവരിലധികപേരും മുസ്‌ലിമീങ്ങളാണ്.

ഇന്ത്യയിലെ പഞ്ചാബിലെ ഒരു ചെറുഗ്രാമമാണ് ഖാദിയാൻ. ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) ഇവിടെയാണ് നിയോഗിതനായത്. അദ്ദേഹം തനിച്ചായിരുന്നു. എങ്കിലും വഫാത്തകുമ്പോൾ അരമില്യൺ ആളുകൾ അദ്ദേഹത്തിന്റെ ജമാഅത്തിൽ പ്രവേശിച്ചിരുന്നു. ഇവരിൽ ഏറിയ പങ്കും മുസ്‌ലിമീങ്ങളുടേതായിരുന്നു. ജമാഅത്ത് സ്ഥാപിതമായി 125 വർഷം പിന്നിട്ടിരിക്കുന്നു. ഇന്ന് ഞങ്ങളുടെ ജനസംഖ്യ മില്യണുകളാണ്. അരമില്യൺ ഓരോ വർഷവും ഇതിൽ ചേർന്നുവരുന്നു. വരുന്നവരിൽ കൂടുതൽപേരും മുസ്‌ലിമീങ്ങളാണ്. ഓരോ വർഷവും അംഗസംഖ്യ വർധിച്ചുകൊണ്ടിരിക്കുന്നു.

**പത്രപ്രതിനിധി:**മുസ്‌ലിമീങ്ങൾ നിങ്ങളുടെ എതിരാളികളാണ്. അവരുമായുള്ള നിങ്ങളുടെ ബന്ധം എന്താണ്?

**ഹുദൂർ അൻവർ**: ഞങ്ങൾക്ക് ആരോടും വെറുപ്പില്ല. മുസ്‌ലിമീങ്ങൾ അവരുടെ അജ്ഞത കാരണത്താലാണ് പണ്ഡിതന്മാരുടെ പിന്നാലെ പോകുന്നത്. എന്നാൽ, സത്യം കാണുമ്പോൾ അംഗീകരിക്കാൻ അവർ തയ്യാറാകുന്നു. ആർക്കെതിരേയും ഞങ്ങളുടെ ഹൃദയത്തിൽ വെറുപ്പില്ല. ഓരോരുത്തരുടേയും ഗുണകാംക്ഷികളാണ് ഞങ്ങൾ. സ്നേഹമാണ് ഞങ്ങൾ പ്രഘോഷിക്കുന്നത്.

**പത്രപ്രതിനിധി**:ഞാൻ ക്രിസ്തുമത വിശ്വാസിയാണ്. ക്രിസ്തുമതത്തിൽ സ്നേഹം ഒരു മൂലകാര്യമാണ്. ഈയടിസ്ഥാനത്തിൽ നിങ്ങൾ നിങ്ങളെ ക്രിസ്തുമതത്തോട് അടുത്തവരാണെന്ന് മനസ്സിലാക്കുന്നുണ്ടോ?

**ഹുദൂർ അൻവർ**: വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നത്, ക്രിസ്ത്യാനികളോടും യഹൂദരോടും എല്ലാവരോടും പറയുക, വരിക, നമുക്കിടയിൽ തുല്യസമ്മതമായ കാര്യത്തിലേക്ക് നമുക്കൊത്തു ചേരാമെന്നാണ്. അത് ഏകദൈവ വിശ്വാസമാണ്. ഏക ദൈവമാണ്.

നമുക്കിടയിൽ ധാരാളം കാര്യങ്ങൾ തുല്യസമ്മതമായതുണ്ട്. അതിൽ ഐക്യപ്പെട്ടുകൊണ്ട് പരസ്പരം ഗുണകാംക്ഷയുടേയും സ്നേഹത്തിന്റേയും കൈകൾനീട്ടാം. പരമപ്രധാനമായത് മനുഷ്യത്വമാണ്. മനുഷ്യകുലത്തിന്റെ ക്ഷേമത്തിനും ഉന്നതിക്കുംവേണ്ടി ഒരുമിച്ച് പ്രവർത്തന സജ്ജരാകേണ്ടതുണ്ട്. പരസ്പരം ആദരിക്കുക, പരസ്പരമുള്ള കടമകൾ നിറവേറ്റുക.

വിശുദ്ധ ഖുർആൻ പറയുന്നു:ലാ ഇക്റാഹ ഫിദ്ദീൻ മതത്തിൽ ഒരുവിധ ബലാൽക്കാരവുമില്ല, എല്ലാ നബിമാരേയും മതങ്ങളേയും ഞങ്ങൾ അംഗീകരിക്കുന്നു. ഓരോരുത്തരേയും ആദരിക്കുന്നു. മതവും വിശ്വാസവും ഏതാണെങ്കിലും എല്ലാവരോടും സ്നേഹത്തോടെയും ആദരവോടെയും പെരുമാറണമെന്ന സന്ദേശം ഓരോയിടത്തും ഞങ്ങളെത്തിക്കുന്നു.

**പത്രപ്രതിനിധി**:സിറിയയിൽനിന്ന് മുസ്‌ലിമീങ്ങൾ അഭയാർഥികളായി ഇവിടെ വരുന്നു. അതു കാരണത്താൽ ജനങ്ങൾ അസ്വസ്ഥരാണ്. ഇവർക്ക് ഇസ്‌ലാമിനോടുള്ള ഭയം എന്തുകൊണ്ടാണ്?

**ഹുദൂർ അൻവർ**: ഏത് രാജ്യത്തുനിന്നാണോ ഇവർ വരുന്നത് അവിടെ തീവ്രവാദവും പരസ്പരമുള്ള കൊല്ലും കൊലയും നടമാടുന്നു.

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**


tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

THE WEEKLY
AL HAKAM
www.alhakam.org

അതുകാരണത്താൽ ഇവിടെയുള്ള ജനതക്ക് ഭയമു ണ്ടാകുന്നത് സ്വാഭാവികമാണ്. ഇത് മുസ്‌ലിമീങ്ങളുടെ രീതികൾ കാരണത്താലാണ്. അവരുടെ ഭീതി അതിന്റെയിടത്ത് ശരിയാണ്. എന്നാൽ, തീവ്രവാദവിഭാഗങ്ങളുടെ പ്രവർത്തിയെ ഇസ്‌ലാമിനോട് ചേർക്കരുത്. ഇസ്‌ലാമിനോടു ചേർക്കുന്നത് അനീതിയാണ്. യഥാർഥ ഇസ്‌ലാമിനെ കുറിച്ച് അറിയണമെങ്കിൽ അഹ്മദികളിൽനിന്ന് പഠിക്കുക, വിശുദ്ധ ഖുർആൻ വായിക്കുക. ഇവിടുത്തെ ഡെച്ച് ഭാഷയിൽ വിശുദ്ധ ഖുർആൻ ലഭ്യമാണ്. വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് നടന്നാൽപ്പിന്നെ അവർക്ക് ഒരു ഭയവുമുണ്ടാകുകയില്ല..

ഇവിടെ വരുന്നവർ കൂടുതൽ മതപരമായ വ്യക്തികളൊന്നുമല്ല. സ്വന്തം രാജ്യത്തുണ്ടാകുന്ന മർദനങ്ങളും കുഴപ്പങ്ങളും കാരണത്താൽ പൊറുതിമുട്ടിയാണ് അവർ എല്ലാം ഇട്ടെറിഞ്ഞ് പുറത്തു വന്നത്.

**പത്രപ്രതിനിധി:**അഭയാർഥി പ്രശ്നങ്ങളിൽ ഡച്ച് ഭരണകൂടത്തിന് താങ്കൾ മാർഗദർശനം നല്കുമോ?

**ഹുദൂർ അൻവർ**: ഇവർ ശരിയായതും യഥാർഥവുമായ അഭയാർഥികളാണെങ്കിൽ അവരെ സഹായിക്കേണ്ടതാണ്. ഭരണകൂടങ്ങളും അന്തർദേശീയ സംഘടനകളും ഇവരെ സഹായിക്കേണ്ടതാണ്. സ്വന്തം രാജ്യത്ത് സമാധാനമില്ലാത്തിടത്തോളം അവർക്ക് ഇവിടെ താമസിക്കാനുള്ള അവകാശമുണ്ട്. നിസ്സംശയം, ഇത് താൽക്കാലിക താമസമാകാം. അവരുടെ രാജ്യത്തിന്റെ അവസ്ഥകൾ നന്നായാൽ അവരെ മടങ്ങിപ്പോകുന്നതിന് സഹായിക്കുക. തുടർന്ന് സ്വന്തം രാജ്യത്ത് പുനരധിവസിപ്പിക്കാനും അവരെ സഹായിക്കുക.

ഇവിടെ ആരും തെറ്റായ പ്രവർത്തി ചെയ്യാതിരിക്കാൻ നോക്കുക, നിരീക്ഷണം വെക്കുക. ഓരോ 50 പേരിലൊരാൾ അവരുടെയാളും അഭയാർഥിയായി പോകുന്നുണ്ടെന്ന് ഒരു ഐ സി എസ് പ്രതിനിധി പറഞ്ഞിട്ടുണ്ട്. ഇക്കാര്യം ശരിയാണെങ്കിൽ ഭരണകൂടങ്ങൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടി വരും.

**പത്രപ്രതിനിധി:**ഇക്കാലഘട്ടത്തിൽ ജനങ്ങൾ ഖലീഫയെപറ്റി ചിന്തിക്കുമ്പോൾ അവരുടെ മനസ്സിൽ അബൂബക്ർ ബഗ്ദാദിയുടെ പേര് മുന്നിൽ വരുന്നു. അങ്ങ് ഇതിനെ എങ്ങനെ കാണുന്നു?

**ഹുദൂർ അൻവർ**: ഇസ്‌ലാമിക ഭാഷയിൽ ഖിലാഫത്ത് നുബുവ്വത്തിനുശേഷമാണ് ആരംഭം കുറിക്കുന്നത്. ഒരു നബിക്കുശേഷം വരുന്ന ഖലീഫ ആ ദൂതന്റെ ജോലി നിലനിറുത്തുകയും മുന്നോട്ട് നയിക്കുകയും ചെയ്യുന്നു.

ഇപ്പോൾ ഇവിടെ അബൂബക്ർ ബഗ്ദാദിയുടെ ഖിലാഫത്തിന്റെ പേരെടുത്തു പറയപ്പെടുന്നു. ഇവിടെ ഓരോ കാര്യത്തിലും ഓരോ പ്രവർത്തിയിലും ഇസ്‌ലാമികാധ്യാപനത്തിന് ഘടകവിരുദ്ധമായ കാര്യങ്ങളാണ് നടക്കുന്നത്.

ഫ്രാൻസിൽനിന്നുള്ള ഒരു ജേർണലിസ്റ്റ് ഇവരിൽനിന്ന് ജീവൻ രക്ഷപെടുത്തി മടങ്ങി വന്നു. സ്വന്തം പ്രവർത്തികൾ വിശുദ്ധ ഖുർആനിനും നബി(സ)തിരുമേനിയുടെ അധ്യാപനത്തിനും എതിരാണെന്ന് ചൂണ്ടിക്കാണിച്ചപ്പോൾ ഖുർആനും ഹദീഥും അംഗീകരിക്കുന്നില്ലെന്ന മറുപടിയാണ് അവർ നല്കിയതെന്ന് അദ്ദേഹം റിപ്പോർട്ട് ചെയ്തിരുന്നു. ഇവർ ചെയ്യുന്നതെന്തോ അതുതന്നെയാണ് ശരി. നബി(സ)തിരുമേനിയൊന്നും അവർക്ക് പ്രശ്നമേ അല്ല.

ഇവരുടെ ഈ പ്രവർത്തിയും മാതൃകയും തെറ്റാണ്. ഇസ്‌ലാമികാധ്യാപനവുമായി ഇതിനു ഒരു വിധ ബന്ധവുമില്ല. ശക്തിയാണ് ശരിയെന്നത് ഒരു മതമേ അല്ല. ശക്തിയുണ്ടെങ്കിൽ എന്തും ചെയ്യാമെന്നത് ശരിയല്ല.

**പത്രപ്രതിനിധി:**ഐ.സി.എസുകാർ വിശുദ്ധ ഖുർആൻ വചനങ്ങളെ തങ്ങളുടെ പ്രവർത്തിയെ ന്യായീകരിക്കാൻ ആധാരമായി സമർപ്പിക്കാറുണ്ടല്ലോ?

**ഹുദൂർ അൻവർ**: ഇവരുടെ പ്രവർത്തിയെ നിരാകരിക്കുന്ന വിശുദ്ധ ഖുർആനിൽനിന്നുള്ള നിരവധി വചനങ്ങൾ സമർപ്പിക്കാൻ എനിക്ക് സാധിക്കും. ഇവർ വിശുദ്ധ ഖുർആനിനെ തെറ്റായി വ്യാഖ്യാനിക്കുന്നു.

കുറച്ചു ദിവസങ്ങൾക്കു മുമ്പേ യു.കെയിലെ ഈവനിംഗ് സ്റ്റാന്റേർഡ് എന്ന പത്രത്തിന്റെ ഒരു ജേർണലിസ്റ്റ് ഒരു ലേഖനം എഴുതി. അതിന്റെ തലക്കെട്ട് 'നമ്മുടെ സ്വന്തം ലണ്ടന് ഖിലാഫത്ത് നല്ലതല്ലാതെ ഒന്നും ചെയ്യുന്നില്ല, നമുക്കെന്തുകൊണ്ട് ഈ ഖലീഫയെ പിൻപറ്റിക്കൂടാ'എന്നായിരുന്നു. ജമാഅത്തിന്റെ ജൽസയിൽ മുപ്പത്തയ്യായിരം ജനങ്ങൾ ഒരുമിച്ചുകൂടി. ഇവിടെ ശാന്തി സമാധാനത്തിന്റേയും സഹവർത്തിത്വത്തിന്റേയും സാഹോദര്യത്തിന്റേയും കാര്യങ്ങൾ മാത്രം നടന്നു.

ഇദ്ദേഹം മുസ്‌ലിമല്ല. സ്വന്തം ഇഷ്ടത്താൽ അദ്ദേഹം എഴുതിയതാണിത്.

**പത്രപ്രതിനിധി:**നമുക്ക് ഇസ്‌ലാം ഉപേക്ഷിക്കേണ്ടി വരുന്നു എന്നു പറയുന്ന ചില മുസ്‌ലിമീങ്ങളുമു ണ്ട്. എന്നാൽ, ഇസ്‌ലാമിക കർമശാസ്ത്രം അവരെ കൊല്ലേണ്ടതാണെന്നാണ് പറയുന്നത്.

**ഹുദൂർ അൻവർ**: മതപരിത്യാഗിക്ക് ശിക്ഷ കൊലയാണെന്ന് പറയപ്പെടുന്നത് ശരിയല്ല. വിശുദ്ധ ഖുർആനിലെ നിരവധി വചനങ്ങൾ ഇതിനെ നിരാകരിക്കുന്നു.

ആരെങ്കിലും ഇസ്‌ലാം സ്വീകരിക്കുകയും പിന്നെ ഉപേക്ഷിക്കുകയും വീണ്ടും സ്വീകരിക്കുകയും വീണ്ടും ഉപേക്ഷിക്കുകയും വീണ്ടും സ്വീകരിക്കുകയും വീണ്ടും ഉപേക്ഷിക്കുകയും ചെയ്യുന്നവരോട് ഒന്നും പറയേണ്ടതില്ലെന്നും അവരെ അവരുടെ അവസ്ഥയിൽ വിട്ടുകൊള്ളാനുമാണ് വിശുദ്ധ ഖുർആൻ പറയുന്നത്. അടുത്ത ലോകത്ത് ദൈവം സ്വയം അവരെ കൈകാര്യം ചെയ്തുകൊള്ളും.

ഏതെങ്കിലും വ്യക്തി സ്വന്തം വിചാരങ്ങൾ കാരണത്താലോ കുടുംബബന്ധുക്കളോ സമൂഹമോ കാരണത്താലോ ഇസ്‌ലാം ഉപേക്ഷിക്കുന്നെങ്കിൽ നിങ്ങളവരെ വിട്ടേക്കുക. അതിനു പകരമായി ദൈവം സദ്യത്തരായ സ്വന്തം വിശ്വാസത്തിൽ കൂടുതൽ ഉറച്ച, ജനങ്ങളേയും സമൂഹത്തേയും ബന്ധുക്കളേയും തികച്ചും ഭയപ്പെടാത്ത ഒരു ജനതയേയും ദൈവം നല്കുമെന്നും ഖുർആൻപറയുന്നു.

ഇസ്‌ലാമുപേക്ഷിച്ചു പോകുന്നവരെ കൊല്ലാമെന്നു പറയുന്നത് തികച്ചും തെറ്റാണ്, ഇത് ഇസ്‌ലാമികാധ്യാപനത്തിനു വിരുദ്ധമാണ്. മതപരിത്യാഗിയെ കൊല്ലുന്നത് ശരിയാണെങ്കിൽ ബന്ധുക്കളേക്കാളും ഗോത്രക്കാരേക്കാളും ഭയപ്പെടേണ്ടത് ഇസ്‌ലാമിനെ ആയിരുന്നു.

**പത്രപ്രതിനിധി:**ബൈബിളിനെ അങ്ങ് എങ്ങെനെയാണ് കാണുന്നത്?

**ഹുദൂർ അൻവർ**: യഥാർഥ അധ്യാപനവുമായി താദാത്മ്യം പ്രാപിക്കുന്നതും ഹദ്റത്ത് ഈസാ നബി(അ)യുമായി ബന്ധിപ്പിക്കാവുന്നതുമായ ചില വചനങ്ങൾ ബൈബിളിലുണ്ടാകാം. ഹദ്റത്ത് ഈസാ നബി(അ)ന്റെ അധ്യാപനങ്ങളല്ലാത്ത വളരെയധികം വചനങ്ങൾ ബൈബിളിലുണ്ട്. ചില വചനങ്ങൾ ഈസാനബി(അ) യുമായി ബന്ധിപ്പിക്കുമ്പോൾ ചിലത് അദ്ദേഹത്തിന്റെ അനുചരന്മാരുടെ റിപ്പോർട്ടുകളുമായാണ് ബന്ധപ്പെട്ടു കിടക്കുന്നത്. വിവിധ വിശുദ്ധന്മാരുടെ വാക്യങ്ങൾ ഹദ്റത്ത് ഈസാ നബി(അ) യുമായി ബന്ധിപ്പിക്കപ്പെടുന്ന അധ്യാപനങ്ങളേക്കാൾ ബൈബിളിൽ കൂടുതലാണ്.

തൗറാത്തിലേയും ബൈബിളിലേയും സത്യമായ അധ്യാപനങ്ങൾ വിശുദ്ധ ഖുർആനിലുമുണ്ട്. വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്ന അത്തരം കാര്യങ്ങൾ നമ്മൾ അംഗീകരിക്കുന്നു.കാലപ്പോക്കിൽ അധ്യാപനങ്ങൾ മാറ്റപ്പെട്ടു. നബിമാരുടെമേൽ അവതരിച്ച അധ്യാപനങ്ങൾ മാത്രമേ വിശുദ്ധ ഖുർആൻ സ്മരിക്കുന്നുള്ളു.

വിശുദ്ധ ഖുർആനിൽ അല്ലാഹു ഇതിനെ സംരക്ഷിക്കുമെന്ന് വാഗ്ദാനവും ചെയ്തിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ എന്തെങ്കിലും മാറ്റം സംഭവിച്ചതായി ഇതുവരെ ഒരു പണ്ഡിതനും സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. 12 ഉം 13 ഉം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഖുർആൻ നിലവിലുണ്ട്. ഈയടുത്ത് ആറും ഏഴും നൂറ്റാണ്ടിൽ എഴുതപ്പെട്ട വിശുദ്ധ ഖുർആനും ലഭ്യമായിട്ടുണ്ട്. എവിടേയും ഒരു മാറ്റവും സംഭവിച്ചിട്ടില്ല.

വിശുദ്ധ ഖുർആൻ ഒരു വിളംബരം നടത്തിയിട്ടുണ്ട്. എല്ലാ മതസ്ഥരേയും ഈ വാക്കുകളിൽ അത് ക്ഷണിക്കുന്നു. നമുക്കിടയിലുള്ള തുല്യസമ്മതമായ കാര്യങ്ങളിൽ നമുക്കെല്ലാവർക്കും ഐക്യപ്പെടാം. അത് അല്ലാഹുവിന്റെ ഏകത്വമാണ്. പരസ്പരം അസൂയ കാണിക്കുന്നതിനും അഭിപ്രായ ഭിന്നതകൾ നിലനിറുത്തുന്നതിനും പകരം ഒറ്റകാര്യത്തിൽ ഐക്യപ്പെടാം. ബാഹ്യമായി എല്ലാവരും ചേർന്ന് പ്രവർത്തിക്കാം.

**പത്രപ്രതിനിധി:**താങ്കളിന്ന് പാർലമെന്റിൽ പോകുന്നു. അവിടെ രാഷ്ട്രീയക്കാർക്ക് നല്കുന്ന സന്ദേശമെന്തായിരിക്കും?

**ഹുദൂർ അൻവർ:** ലോകത്ത് സമാധാനം സ്ഥാപിക്കാൻ സഹവർത്തിത്വത്തോടുകൂടി പ്രവർത്തിക്കാൻ വരിക എന്ന ഇതേ സന്ദേശമാണ്, ലോകത്തിന് ഇന്നിത് അടിയന്തിരാവശ്യമാണ്. പല വർഷങ്ങളായി ഞാൻ ലോകത്തിന് താക്കീതു നല്കിയിട്ടുള്ളതാണ്. ലോകം അതിവേഗം

## • ഹദീഥുന്നബ്‌വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

## • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
C.K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ആഗോള യുദ്ധത്തിലേക്ക് ഗമിക്കുന്നു. ഇപ്പോൾ നമ്മൾ തികച്ചും അതിന്റെ സമീപത്തെത്തിക്കഴിഞ്ഞിരിക്കുന്നു. റഷ്യൻ വ്യോമ സേന തുർക്കി ബോർഡറിന് അടുത്ത് ആക്രമണം നടത്തി. നാറ്റോ വളരെ പരുഷമായിട്ടാണ് പ്രതികരിച്ചത്.

**പത്രപ്രതിനിധി:**ഇതിന് തിരിച്ചടിയായി പാശ്ചാത്യലോകത്തിനും ഇസ്‌ലാമിനുമിടയിൽ യുദ്ധമുണ്ടാകുമെന്ന് അങ്ങ് ധരിക്കുന്നുണ്ടോ?

**ഹുദൂർ അൻവർ:**ഇസ്‌ലാമിന്നെതിരിൽ മീഡിയ നല്കുന്ന പ്രോപ്പഗണ്ടയാണിത്. മുസ്‌ലിമീങ്ങളിൽ അധികരും സമാധാന കാംക്ഷികളാണ്. പാശ്ചാത്യലോകത്തിനെതിരുമല്ല. അവർക്ക് തീവ്രവാദവുമായി ഒരുവിധ ബന്ധവുമില്ല.

മധ്യപൂർവേഷ്യൻ ദേശത്ത് മുസ്‌ലിമീങ്ങൾ മുസ്‌ലിമീങ്ങളുമായിത്തന്നെ ഏറ്റുമുട്ടുന്നു. സിറിയയിൽ ഇപ്പോൾ റഷ്യ വ്യോമാക്രമണം നടത്തുന്നു. ഭരണകൂടത്തെ സഹായിക്കുന്നുവെന്ന് പ്രഖ്യാപിച്ചു കൊണ്ടാണ് രാഷ്ട്രവിരുദ്ധശക്തികളെ റഷ്യ ആക്രമിക്കുന്നത്. മറുഭാഗത്ത് അമേരിക്ക ഭരണകൂട വിരുദ്ധ റിബലുകളെ സഹായിക്കുന്നു. റിബലുകളുടെ അവകാശങ്ങൾ ഹനിക്കപ്പെടുന്നുവെന്നാണ് അമേരിക്ക വാദിക്കുന്നത്. ഇപ്പോൾ ഈ രണ്ട് ശക്തികളും മുസ്‌ലിമീങ്ങളെ സഹായിക്കുന്നു. ഈ മുസ്‌ലിമീങ്ങളാകട്ടെ പരസ്പരം ഏറ്റുമുട്ടുന്നു. ഈ യുദ്ധം ഒരു വിധത്തിലും മതപരമായ യുദ്ധമല്ല. ഇസ്‌ലാമിനെ അവസാനിപ്പിക്കാനുള്ള യുദ്ധമല്ല. അതുകൊണ്ട് ഇത് പാശ്ചാത്യർക്കും ഇസ്‌ലാമിനുമിടയിലുള്ള യുദ്ധമാണെന്ന വാദഗതി ശരിയല്ല.

**പത്രപ്രതിനിധി:**ഇപ്പോൾ നടന്നുവരുന്ന ഈ യുദ്ധം കാരണത്താൽ ഇസ്‌ലാം വേഗത്തിൽ വ്യാപിക്കുമോ?

**ഹുദൂർ അൻവർ:** ഇക്കാര്യം ശരിയാണ്. സംഭവിക്കുന്നതെല്ലാം നബി(സ)തിരുമേനിയുടെ ദീർഘദർശനമനുസരിച്ചാണ് സംഭവിക്കുന്നതെന്ന് ലോകം മനസ്സിലാക്കുമ്പോൾ അത് നടക്കും. നബി(സ)തിരുമേനി പറഞ്ഞിരുന്നു:ഒരു കാലം വരുന്നതാണ്. ജനങ്ങൾ ഇസ്‌ലാമികാധ്യാപനങ്ങൾ മറന്നുപോകും. ഇസ്‌ലാം പേരിൽമാത്രം അവശേഷിക്കും. ഇസ്‌ലാം എത്തിപ്പെട്ടിരിക്കുന്ന ഈ അവസ്ഥയാണ് ആ കാലഘട്ടം. ജനങ്ങൾ ഇത് മനസ്സിലാക്കുന്നു. നമ്മോടൊപ്പം ചേരുന്നു.

**പത്രപ്രതിനിധി:**ഹോളണ്ടിൽ കൂടുതൽ മസ്ജിദുകൾ നിർമിക്കാൻ ആലോചനയുണ്ടോ?

**ഹുദൂർ അൻവർ:** ഞങ്ങളിവിടെ വർധിക്കുന്നതനുസരിച്ച് കൂടുതൽ മസ്ജിദുകളും നിർമിക്കുന്നതായിരിക്കും. ഇൻശാഅല്ലാഹ്.

ഈ ഇന്റർവ്യൂ 11.45-ന് അവസാനിച്ചു. ഒടുവിൽ ജേർണലിസ്റ്റ് ഹുദൂറുമൊത്ത് ഫോട്ടോ എടുത്ത് സായൂജ്യനായി.

ദൈവിക ജമാഅത്തുകളുടെ ചരിത്രത്തിൽ ചില നാളുകൾ അതിന്റെ സവിശേഷതകൾ കാരണത്താൽ അസാധാരണമായ നിലയിൽ പ്രാധാന്യം അർഹിക്കുന്നു. വരാനിരിക്കുന്ന വിപ്ലവങ്ങൾക്ക് അതൊരു നാഴികക്കല്ലാകാറുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ ഇന്ന് അത്തരത്തിലുള്ള ഒരു ദിനം വന്നിരിക്കുന്നു. ഇത് ഇൻശാ അല്ലാഹ് ഭാവിയിൽ മഹത്തായ വിപ്ലവത്തിന്റേയും വിജയങ്ങളുടേയും നാന്ദി കുറിക്കുന്നതാണെന്ന് സ്ഥാപിതമാകും. ഹോളണ്ടിന്റെ തലസ്ഥാന മണ്ണിലും അഹ്മദിയ്യ ജമാഅത്തിന് പുരോഗതികളുടെ പുതിയൊരു വാതിൽ തുറക്കപ്പെടും.

യൂറോപ്യൻ ഭൂഖണ്ഡത്തിലെ രാഷ്ട്രങ്ങളുടെ പാർലമെന്റുകളിൽ ആദ്യമായി 2008 ഒക്ടോബർ 22 ൽ ഹുദൂർ ബ്രിട്ടീഷ് പാർലമെന്റ് സന്ദർശിക്കുകയും തന്റെ പ്രഭാഷണം നല്കുകയും ചെയ്തു. തുടർന്ന് 2012 ഡിസംബർ 4-ന് ഹുദൂർ യൂറോപ്യൻ പാർലമെന്റിൽ തന്റെ ചരിത്ര പ്രസിദ്ധമായ പ്രഭാഷണം നടത്തി.

ഇന്ന് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആല ബി നസ്‌രിഹിൽ അസീസിനെ ആദരിച്ചുകൊണ്ട് ഹോളണ്ട് ഭരണകൂടത്തിന്റെ വിദേശ കാര്യ വിഭാഗത്തിന്റെ ഭാഗത്തുനിന്നും ഹോളണ്ടിലെ നാഷണൽ പാർലമെന്റിൽ ഒരു പരിപാടി സംഘടിപ്പിച്ചു.

പ്രോഗ്രാമനുസരിച്ച് നൺസ്പീറ്റിൽനിന്ന് ഡെൻഹാഗിലെ മസ്ജിദ് മുബാറക്കിലേക്കുള്ള ഹുദൂറിന്റെ യാത്രാ ദിവസമാണിന്ന്. ഇന്നത്തെ ചടങ്ങിൽ പങ്കെടുക്കുന്നതിനു ഹോളണ്ടിനെ കൂടാതെ യൂറോപ്പിലെ മറ്റു രാജ്യങ്ങളിൽനിന്നുള്ള പാർലമെന്റംഗങ്ങളും ചില ഭരണാധികാരികളും അതിഥികളുമെത്തിയിരുന്നു. ഇവരുടെ ഹുദൂറുമായുള്ള ഒരു കൂടിക്കാഴ്ച ഡെൻഹാഗ് മസ്ജിദ് മുബാറക്കിൽ ഇന്ന് നടക്കാനിരിക്കുന്നു. ഈ പരിപാടിക്കുശേഷം ഹുദൂറിന്റെ പാർലമെന്റ് സന്ദർശനവുമുണ്ടാകും.

12.05-ന് ഹുദൂർ താമസസ്ഥലത്തു നിന്ന് പുറത്തുവന്നു. നൺസ്പീറ്റിൽനിന്ന് ഡെൻഹേഗിലെ മസ്ജിദ് മുബാറക്കിലേക്ക് യാത്രതിരിച്ചു. ഇവിടെനിന്ന് 130 കിലോമീറ്റർ ദൂരമാണുള്ളത്. 01.35-ന് ഹുദൂർ മസ്ജിദ് മുബാറക്കിലത്തിച്ചേർന്നു.പ്രാദേശിക ജമാഅത്തിലെ ആബാലവൃന്ദം സ്ത്രീ-പുരുഷന്മാരും കുട്ടികളും ചേർന്ന വലിയൊരു ജനാവലി ഹുദൂറിനെ വരവേറ്റു. ആൺകുട്ടികളും പെൺകുട്ടികളും കുഞ്ഞുങ്ങളും സ്വാഗതഗാനങ്ങളുടെ അകമ്പടിയോടെ ഹുദൂറിനെ സ്വീകരിച്ചു.

ഹോളണ്ട് ജമാഅത്ത് നാഇബ് അമീർ അബ്ദുൽ ഹമീദ് ദർഫീൽദൻ സാഹിബും ഹേഗ് ജമാഅത്തിന്റെ സ്വദ്റും നാഷണൽ സെക്രട്ടറി ഉമൂറെആമയുമായ ത്വാഹിർ മഹ്മൂദ് സാഹിബും ഹേഗ് ജമാഅത്തിന്റെ നാഇബ് സ്വദ്റായ ദാവൂദ് അക്മൽ സാഹിബ്, സോട്ടർമീർ ജമാഅത്ത് സ്വദ്ർ മുബശ്ശിർ അഹ്മദ് സാഹിബും ഹേഗ് ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദ് അലി ഖാസിം സാഹിബ് എന്നിവർ ചേർന്ന് ഹുദൂറിന് കൈകൊടുത്ത് സ്വാഗതം ചെയ്തു.

ഹുദൂർ കൈയുയർത്തി എല്ലാവർക്കും അസ്സലാമുഅലയ്ക്കും പറയുകയും മിഷൻഹൗസിന്റെ റസിഡൻഷ്യൽ ബ്ലോക്കിലെ താമസ സ്ഥലത്ത് പോകുകയും ചെയ്തു.

03.10-ന് ഹുദൂർ മീറ്റിംഗ് ഹാളിലെത്തി. സ്വീഡൻ, സ്പെയിൻ, അയർലാൻഡ്, ക്രൊയേഷ്യ, മോണ്ടിനെഗ്രോ, സ്വിറ്റ്സർലാൻഡ്, അൽബേനിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നു വന്ന പാർല മെന്റംഗങ്ങളും മറ്റു അതിഥികളും ഹുദൂറിന്റെ വരവു പ്രതീക്ഷിച്ച് അവിടെ ഉപവിഷ്ടരായിരുന്നു. ക്രമത്തിൽ എല്ലാവരും അവരവരെ പരിചയപ്പെടുത്തി.

**ഹുദൂർ അതിഥികളോടു:** പാർലമെന്റ് പരിപാടിയിൽ പങ്കെടുക്കാൻ നിങ്ങളിവിടെ എത്തിയതിൽ വളരെ സന്തോഷമുണ്ട്. നിങ്ങളിൽപലരും ജമാഅത്തിന്റെ പരിപാടിയിൽ മുമ്പേയും പങ്കെടുത്തിട്ടുള്ളവരാണ്.

സിറിയയിൽനിന്നു വന്ന അഭയാർഥികളെ സംബന്ധിച്ച് ഒരു സ്വീഡിഷ് പാർലമെന്റംഗം ചോദിച്ചു : ഓരോ ദിവസവും സ്വീഡനിൽ ആയിരം അഭയാർഥികൾ വന്നു ചേരുന്നുണ്ട്.

ഹുദൂർ അൻവർ: ജർമനിയിലും സ്വീഡനിലും കൂടുതൽ അഭയാർഥികൾ എത്തിച്ചേരുന്നു.

ഒരു സ്പാനിഷ് പാർലമെന്റംഗം: ഞങ്ങൾ 15000 പേരെ സ്വീകരിക്കുന്നു. കാരണം, നമ്മുടെയടുക്കൽ മൊറോക്കോ, മാലി, അൾജീരിയ, ഘാന, നൈജീരിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവരും വളരെ കൂടുതൽ വന്നിട്ടുണ്ട്.

സ്വിറ്റ്സർലാൻഡിൽ നിന്നുള്ള അതിഥികൾ: സ്വിറ്റ്സർലാൻഡ് 20000 പേരെ സ്വീകരിക്കുന്നു. ഇതു കൂടാതെയും വളരെ കൂടുതൽ അഭയാർഥികൾ മുമ്പേയും വന്നിട്ടുണ്ട്.

സ്വിറ്റ്സർലാൻഡിൽ നിന്നുവന്ന ഒരു ബിഷപ്പ് ഡോക്ടർ അമെൻ ഹൊവാർഡ് ഹുദൂറിനെ ജനീവയിലേക്ക് ക്ഷണിച്ചു.

ഹുസൂർ അൻവർ: ഇൻശാഅല്ലാഹ്, ഞാൻ അവിടെ വരാൻ ശ്രമിക്കുന്നതാണ്.

മോണ്ടിനെഗ്രോ പാർലമെന്റംഗം ഡ്രിട്ടാൻ അബാസോവിക്: ഇന്നത്തെ പാർലമെന്റ് പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നതിൽ ഹുദൂറിനോട് എനിക്ക് നന്ദിയുണ്ട്. ഞങ്ങളുടെ രാജ്യം ചെറുതാണ്. മോണ്ടിനെഗ്രോയിൽ ഹുദൂർ അൻവറിന്റെ വരവ് സുസാധ്യമാക്കാൻ ഞങ്ങൾക്ക് കുറച്ചുസമയം ആവശ്യമാണ്.

പുഞ്ചിരിച്ചുകൊണ്ട് ഹുദൂർ അൻവർ പറഞ്ഞു: ഞാനൊരു നിസ്സാര മനുഷ്യനാണ്. താങ്കളുടെ ക്ഷണം ഇല്ലാതെയും എനിക്കവിടെ വരാൻ കഴിയും. രാജ്യം ചെറുതാണോ വലുതാണോ എന്നത് ഒരു പ്രശ്നമല്ല. ഹൃദയം വലുതാകുക. താങ്കൾ തുറന്ന ഹൃദയത്തോടെ സംസാരിക്കുന്നു. ഇത് താങ്കളുടെ സവിശേഷതയാണ്.

ഒരു സ്പാനിഷ് പാർലമെന്റംഗം:സിറിയയിലെ ഇപ്പോഴത്തെ സാഹചര്യത്തെ കുറിച്ച് ഹുദൂറിന്റെ അഭിപ്രായമെന്താണ്?

**ഹുദൂർ അൻവർ:** ഇപ്പോഴത്തെ സാഹചര്യത്തെ യൂറോപ്യൻ യൂണിയൻ ഉൾക്കൊള്ളാൻ സാധിക്കുമോ എന്നെനിക്ക് അറിയില്ല. റഷ്യ സിറിയയിൽ പ്രവേശിച്ചു കഴിഞ്ഞിട്ടുണ്ട്. ഭരണകൂട വിരുദ്ധ വിഭാഗങ്ങൾക്കുമേൽ വ്യോമാക്രമണം നടത്തുകയും എയർബേസ് അവിടെ ഉണ്ടാക്കുകയും ചെയ്യുന്നു. റഷ്യൻ യുദ്ധവിമാനങ്ങൾ തുർക്കി ബോർഡറിൽ ആക്രമണം നടത്തിയതായ വാർത്ത ഇന്ന് വന്നിട്ടുണ്ട്. ഇതിനെ അമേരിക്ക ശക്തമായി അപലപിച്ചു. ഇപ്പോൾ വിവിധ ബ്ലോക്കുകൾ രൂപം കൊള്ളുന്നു. ഇതിനെ സംബന്ധിച്ച് ഞാൻ മുമ്പേയും പറഞ്ഞിരുന്നു. സാഹചര്യങ്ങൾ കൂടുതൽ വഷളാകുന്നു. ഇക്കാര്യത്തിൽ നിങ്ങളെന്ത് പങ്ക് വഹിക്കുന്നു എന്നതാണ് ഇനി നോക്കേണ്ടത്.

സ്വിറ്റ്സർലാൻഡിൽ നിന്നു വന്ന ബിഷപ്പ്: സിറിയയിൽ നിന്നുവരുന്ന അഭയാർഥികളെ സംരക്ഷിക്കാൻ അറബ് രാജ്യങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഹുദൂറിന് സാധിക്കുമോ?

**ഹുദൂർ അൻവർ:** അവരെന്റെ കാര്യങ്ങൾ കേൾക്കാൻ ചെവി തരുകയാണെങ്കിൽ! നാലുവർഷം മുമ്പേ ഞാനെന്റെ പ്രഭാഷണങ്ങളിൽ അവർക്ക് മനസ്സിലാക്കിക്കൊടുത്തതാണ്. സന്ദേശങ്ങളും അയച്ചിരുന്നു. എന്നാൽ, ഭരണകൂടവും പൊതുജനങ്ങളും അവരുടെ നേതാക്കളും കാര്യങ്ങൾ കേൾക്കാൻ ആഗ്രഹിക്കുന്നില്ല. അവർക്ക് അവരുടേതായ താൽപര്യങ്ങളുണ്ട്.

ഇത് നോക്കേണ്ട കാര്യമാണ്. അവരുടെയടുക്കൽ ആയുധങ്ങൾ എവിടെ നിന്നാണ് വരുന്നത്. ആയുധ സാമഗ്രികൾ അവർക്ക് വിതരണം ചെയ്യുന്നതാരാണ്? അവരുടെയടുക്കൽ ഫണ്ടുകൾ എവിടെ നിന്നാണ് വരുന്നത്? ഫണ്ടുകൾ നല്കി ആരാണ് അവരെ സഹായിക്കുന്നത്? സാഹചര്യങ്ങൾ നന്നാക്കുന്നതിന് ഒരു പരിഹാരമുണ്ട്. അവരുടെ സപ്ലൈലൈനുകൾ വിച്ഛേദിക്കുക. അവർക്ക് നല്കപ്പെടുന്ന ഫണ്ടിംഗുകൾ തടയുക. യൂറോപ്യൻ യൂണിയൻ നടപ

ടി സ്വീകരിക്കുകയാണെങ്കിൽ സാഹചര്യങ്ങൾ നന്നാക്കാൻ കഴിയും.

ഒരു വൻശക്തി ഇപ്പോൾ സിറിയൻ ഭരണകൂടത്തെ സഹായിക്കുന്ന സാഹചര്യമാണുള്ളത്. മറു ഭാഗത്തും ഒരു ശക്തിയും ചില ഗ്രൂപ്പുകളും റിബലുകളെ സഹായിക്കുന്നു. ഇനി ഇവർക്ക് പിന്നിൽ ആരാണെന്ന് താങ്കൾ സ്വയം നോക്കുക.

ഇപ്പോൾ ഐ.എസ് ഓയിൽ വിൽക്കുന്നു. ഇവർ ഇത് എവിടെയാണ് വിൽക്കുന്നത്. ആർക്കാണ് വിൽക്കുന്നത്. ബോട്ടിലിലോ കാനുകളിലോ നിറച്ചല്ലല്ലോ വിൽക്കുന്നത്. വലിയ വലിയ കപ്പലിൽ എണ്ണ നിറച്ചാണ് കൊണ്ടുപോകുന്നത്. ഇതു മുഖേന മില്യൺകണക്കിന് ഡോളറുകൾ ശേഖരിക്കുന്നു. ഇവരെ എന്തുകൊണ്ട് തടയുന്നില്ല. ഈ ഓയിലിന്റെ സപ്ലൈ എന്തുകൊണ്ട് നറുത്തി വെപ്പിക്കുന്നില്ല. ഉപരോധം ഏർപ്പെടുത്താൻ ആഗ്രഹിക്കുന്നിടത്തെല്ലാം അത് ചെയ്യുന്നു. എന്നിട്ട് ഇവിടെ എന്തുകൊണ്ട് അത് ചെയ്യുന്നില്ല.

സ്വീഡൻ പാർലമെന്റംഗം വീറ്റോ അവകാശം അവസാനിപ്പിക്കാൻ യുണൈറ്റഡ് നേഷനിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**ഹുദൂർ അൻവർ**: സ്വീഡൻ ഓരോ നടപടിയിലും മുന്നിട്ട് നിൽക്കുന്നു. സ്വീഡൻ യൂറോപ്പിൽ ആദ്യമായി ഫലസ്തീനെ അംഗീകരിച്ചു. അതിനുശേഷം സ്പെയിനും അംഗീകരിച്ചിരുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ലോകത്തിന്റെ ഇന്നത്തെ അവസ്ഥയെ കുറിച്ച് എന്തെങ്കിലും ദീർഘദർശനം നടത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിനോട് ഹുദൂർ ഇങ്ങനെ പ്രതികരിച്ചു:

ഈ അവസ്ഥകൾ സംഭവിക്കേണ്ടതായിരുന്നുവെന്ന് ഞങ്ങൾ അഹ്മദികൾ വിശ്വസിക്കുന്നു. നബി(സ)തിരുമേനി ദീർഘദർശനം ചെയ്തു:ഇസ്ലാമിന്റെ അധ്യാപനങ്ങളെ മറക്കുന്ന ഒരു കാലം മുസ് ലിമീങ്ങളുടെമേൽ വരും. കേവലം ഇസ്ലാമിന്റെ നാമംമാത്രം അവശേഷിക്കും. മുസ്ലിമീങ്ങൾ പ്രവർത്തനപരമായി സ്വന്തം അധ്യാപനങ്ങളെ മറന്നിട്ടുണ്ടാകും. ഈ ദീർഘദർശനം പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. ഇനി മുസ്ലിമീങ്ങൾ സത്യമായ അധ്യാപനങ്ങളനുസരിച്ച് പ്ര വർത്തിക്കുകയും നബി(സ)തിരുമേനിയുടെ അധ്യാപനത്തെ പിൻപറ്റുകയും ശരിയായ മാർഗത്തിൽ വരികയും ചെയ്യുന്നതുവരെ ഈയവസ്ഥ കൂടുതൽ വഷളായിക്കൊണ്ടേ പോകും. ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന അവസ്ഥകളെ കുറിച്ച് പരാമർശിക്കുന്ന ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഒരു നിർദ്ദേശം ഇപ്രകാരമാണ്. ആ മഹാത്മാവ് പറയുന്നു:

ലോകത്ത് ഒരു വിപ്ലവം സംഭവിക്കുമെന്ന് ദൈവം എന്നെ അറിയിച്ചിരിക്കുന്നു. അത് ആദ്യത്തെ വിപ്ലവമായിരിക്കും. എല്ലാ രാജാക്കന്മാരും പരസ്പരം ഏറ്റുമുട്ടും. ഭൂമി രക്തംകൊണ്ട് നിറയുവോളം സംഘർഷങ്ങൾ നടക്കും. ഓരോ ചക്രവർത്തിയുടേയും പ്രജകൾക്കിടയിലും പരസ്പരം ഭീതിജനകമായ ഏറ്റുമുട്ടൽ അരങ്ങേറും. ഒരു ആഗോള നാശം വരും. ഈയെല്ലാ സംഭവങ്ങളുടേയും കേന്ദ്രം സിറിയയാകും.

03.50ന് ഈ കൂടിക്കാഴ്ച അവസാനിച്ചു. ഒടുവിൽ ഹുദൂർ എല്ലാ അതിഥികൾക്കും ഹസ്തദാനം ചെയ്തു.

ഹേഗിലെ മസ്ജിദ് മുബാറക്കിൽനിന്ന് 04.15ന് ഹുദൂർ ഹോളണ്ട് നാഷണൽ പാർലമെന്റിലേക്ക് യാത്രയായി. പാർലമെന്റ് കെട്ടിടം നമ്മുടെ മസ്ജിദിൽനിന്ന് ഏതാനും കിലോമീറ്റർ അകലത്താണ് സ്ഥിതി ചെയ്യുന്നത്. 04.30ന് ഹുദൂർ പാർലമെന്റിലെത്തി. പാർലമെന്റ് ഫോറിൻ അഫയേഴ്സ് കമ്മിറ്റിയുടെ സെക്രട്ടറി മിസ്റ്റർ തിയോവണ്ടൂർ പാർലമെന്റ് ഹൗസിന്റെ മെയിൻ വാതിലിൽ ഹുദൂർ അൻവറിന് സ്വാഗതമോതി. ഹുദൂറിനെ സ്വീകരിച്ചു. പാർലമെന്റ് കെട്ടിടത്തിന്റെ അകത്തേക്ക് ആനയിച്ചു.

04.40ന് ഹുദൂർ കോൺഫ്രൻസ് ഹാളിൽ ആഗതരായി. വിദേശകാര്യ വിഭാഗത്തിന്റെ ഡെപ്യൂട്ടി ചെയർമാൻ ഹാരിവാൻബൊമ്മൽ ഹുദൂറിന്റെ വരവിനു വേണ്ടി കാത്തിരിക്കുകയായിരുന്നു. ഹുദൂറിന്റെ വരവിനു മുമ്പേതന്നെ എല്ലാ എം.പിമാരും അതിഥികളും അവരവരുടെ ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരായിരുന്നു.

ഹുദൂർ വേദിയിലേക്ക് വന്നു. സ്റ്റേജിൽ ഫോറിൻ അഫയേഴ്സ് കമ്മിറ്റി ചെയർമാനെ കൂടാതെ കമ്മിറ്റിയിലെ 5 അംഗങ്ങളും ഉപവിഷ്ടരായിരുന്നു. ഈ പരിപാടിയുടെ ആതിഥേയത്വ ഉത്തരവാദിത്വങ്ങൾ ഫോറിൻ അഫയേഴസ് വിഭാഗം ഡെപ്യൂട്ടി ചെയർമാൻ പാർലമെന്റംഗം മിസ്റ്റർ ഹാരിവാൻ ബൊമ്മലാ ണ് നിർവഹിക്കുന്നത്.

പ്രോഗ്രാമിന്റെ ആരംഭം കമ്മിറ്റിയുടെ ചെയർമാന്റെ സ്വാഗത പ്രസംഗത്തോടെ ആരംഭിച്ചു. അദ്ദേഹം സദസ്സിനെ ഈ വാക്കുകൾകൊണ്ട് അഭിമുഖീകരിച്ചു:ഡച്ച് പാർലമെന്റിന്റെ ഫോറിൻ അഫയേഴ്സിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നു ഞാൻ ആദ്യമായി ആഗോള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പരമോന്നത നേതാവ് ഹദ്റത്ത് ഖലീഫത്തുൽമസീഹ് മിർസാ മസ്റൂർ അഹ്മദ് സാഹിബിനെ സ്വാഗതം ചെയ്യുന്നു.

സ്വീഡൻ, സ്പെയിൻ, അയർലാൻഡ്, ക്രൊയേഷ്യ, മോണ്ടിനെഗ്രോ രാജ്യങ്ങളിൽനിന്നു ഈ പരിപാടിയിൽ പങ്കെടുക്കാനെത്തിയ പാർലമെന്റംഗങ്ങളേയും ഞാൻ സ്വാഗതം ചെയ്യുന്നു.

ഈ പരിപാടി കേവലം ഹോളണ്ടിൽ മാത്രമല്ല, ലോകത്താകമാനം തൽസമയ സംപ്രേഷണം ചെയ്യപ്പെടുന്നുണ്ട്.

യുവർ മെജസ്റ്റി, ഹോളണ്ട് നാഷണൽ അസംബ്ലിയിലേക്കുള്ള അങ്ങയുടെ വരവ് വിദേശകാര്യ കമ്മിറ്റിക്ക് ലഭിക്കുന്ന അഭിമാനമാണ്. ലോകത്താകമാനമുള്ള അഹ്മദീ മുസ്ലിമീങ്ങളുടെ സാഹചര്യങ്ങളെ കുറിച്ച് നാം ബോധവാന്മാരാണ്. സമാധാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനെ കുറിച്ചും മതങ്ങൾക്കിടയിലുള്ള സഹവർത്തിത്വത്തെ കുറിച്ചും അങ്ങയുടെ വീക്ഷണങ്ങൾ ഞങ്ങളിലേക്കെത്തിക്കുന്നതിൽ സന്തോഷമുണ്ട്.

അതിനുശേഷം ഹുദൂർ സദസ്സിനെ അഭിമുഖീകരിച്ചു. ഇംഗ്ലീഷ് ഭാഷയിലുള്ള ഈ പ്രഭാഷണത്തിന്റെ വിവർത്തനം ചുവടെ ചേർക്കുന്നു.(തുടരും)

---

(പേജ് 1 ൽനിന്ന്)

ണവളകൾ അണിയിക്കുക എന്നതിന്റെ ഉദ്ദേശ്യം രാജാധിപത്യമാണ്. പുരാതനകാലത്ത് സ്വർണവളകൾ രാജാക്കന്മാർ അണിയാറുണ്ടായിരുന്നു. അതുകൊണ്ടിവിടെ മുസ്ലിമീങ്ങളെ രാജാക്കന്മാരാക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇനി ഇതുകൊണ്ടുള്ള ഉദ്ദേശ്യം പരലോകമാണെങ്കിൽ അവിടുത്തെ എല്ലാ വസ്തുക്കളും ആത്മീയമാണ്. അവിടെ സ്വർണവളകൾകൊണ്ടുള്ള ഉദ്ദേശ്യം ഭൗതികമായ സ്വർണവളകളല്ല. പ്രത്യുത പ്രത്യേകതരത്തിലുള്ള ബഹുമതികളായിരിക്കും. മിൻസുൻദുസിൻ വ്വ ഇസ്തബ്റഖിൻ പട്ടുവസ്ത്രം ധരിക്കുമ്പോൾ സുഖവും ആശ്വാസവുമുണ്ടാകുന്നതുപോലെ. ഇപ്രകാരം അവിടേയും സുഖവും ആശ്വാസവുമുണ്ടാകുന്ന വസ്ത്രം ലഭിക്കുന്നതായിരിക്കും. ഇതിന് ഇങ്ങനെയും അർഥമാകാവുന്നതാണ്, ഈ വസ്തുക്കൾ അർഹരായവരെ അണിയിക്കുന്നതായിരിക്കും;ഹദ്റത്ത് ഉമറിന് നബി(സ)തിരുമേനി ഒരു പട്ടുവസ്ത്രം നല്കിയതുപോലെ. അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അങ്ങ് ഇതെനിക്ക് നല്കിയതെന്തിനാണ്? പുരുഷന്മാർക്ക് പട്ടുവസ്ത്രമണിയുന്നത് അനുവദനീയമല്ലല്ലോ? അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:താങ്കൾക്കത് താങ്കളുടെ ഭാര്യയെ അണിയിക്കാവുന്നതാണല്ലോ.

നിഅ്മ ഥ്ഥവാബ്, വ ഹസുനത്ത് മുർത്തഫഖാ അതായത് വിശുദ്ധ ഖുർആനിൽ സത്യസന്ധമായി വിശ്വസിക്കുന്നവർക്ക് കിട്ടുന്ന ഉപഹാരങ്ങൾ അവരെ ഒരിക്കലും നാശത്തിലേക്ക് കൊണ്ടുപോകുകയില്ല. പ്രത്യുത അതിന്റെ ഫലമായി സമാധാനവും ശാന്തിയും ഉണ്ടാകുന്നതായിരിക്കും. ഹസുനത്ത് മുർത്തഫഖാ എന്നതിൽ പറഞ്ഞിട്ടുള്ളത് ഖുർആനികാധ്യാപനങ്ങളിലൂടെ നടന്ന് ഉണ്ടാകുന്ന സുഹൃത്ത് ബന്ധങ്ങളും സ്നേഹബന്ധങ്ങളും ആത്മാർഥതയിലധിഷ്ഠിതമായിരിക്കും. സ്വാർഥപരമായ ഉദ്ദേശ്യങ്ങൾഅതിന്റെ പിന്നിൽ മറഞ്ഞിരിക്കുന്നുണ്ടാകുകയില്ല. ആ സുഹൃത്ത് ബന്ധങ്ങളുടെ ഫലമായി യുദ്ധങ്ങളുണ്ടാകുന്നതല്ല. പ്രത്യുത സമാധാനം കൈവരുന്നതായിരിക്കും.(തഫ്സീറെ കബീർ, വാള്യം 4, പേജ് 446, പ്രസാധനം 2010 ഖാദിയാൻ)

---

**ദുആ ഔഷധമാകുന്നു**

*താൻ ഇത്രയധികം പാപം ചെയ്തല്ലോ എന്നു ചിന്തിച്ച് പാപിയായ മനുഷ്യൻ ദുആയിൽനിന്ന് ഒരിക്കലും പിന്തിരിയരുത്. ദുആ ഔഷധമാണ്. പാപത്തോട് വിമുഖത തോന്നിത്തുടങ്ങിയത് എങ്ങനെയെന്ന് ഒടുവിൽ അയാൾ കാണുന്നതാണ്.*

(മൽഫൂദാത്ത് വാള്യം. 1 പേ. 4 )

**• കലാമുൽ ഇമാം: •**

'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**


**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732


താലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 2-9 November 2023 Issue-44-45

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

**(പേജ് 7 ൽനിന്ന്)**

ത്തി അവളെ വധിച്ച വിവരം നൽകുന്നു. പിന്നെ തിരിച്ച് അവിടെയെത്തിയപ്പോൾ അവളുടെ മക്കൾ മൃതദേഹം മറമാടുകയായിരുന്നു. ഇവിടെ ശ്രദ്ധേയമായൊരു കാര്യമെന്തെന്നാൽ, ഒരു ഭാഗത്ത് ആ സ്ത്രീയെ വധിക്കുന്നു. മറുഭാഗത്ത് ഉടൻതന്നെ അവളുടെ മക്കൾ മൃതദേഹം മറമാടുന്നു. കുറഞ്ഞ ഏതാനും സമയത്തിനുള്ളിൽ ഇത് സാധ്യമാണോ?

ഇതു കൂടാതെ നമ്മുടെ ആളുകളുടെ ഗവേഷണം കൂടി കേൾപ്പിക്കാം. മറ്റു ചില ഭിന്നാഭിപ്രായങ്ങളും ഈ സംഭവം കാൽപ്പനികവും കെട്ടിച്ചമച്ചതുമാണെന്ന് തെളിയിക്കുന്നുണ്ട്. അതിൽ അധിക നിവേദനങ്ങളിലും സ്ത്രീയുടെ പേര് അസ്മാ ബിൻത് മർവാൻ എന്നാണ് വന്നിട്ടുള്ളത്. എന്നാൽ, അൽഇസ്തീആബിന്റെ ഗ്രന്ഥകർത്താവ് അത് അസ്മാ അല്ലെന്നും ഉമയ്റിന്റെ സഹോദരി ബിൻത് അദിയ്യാണെന്ന് പറയുന്നു.(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽഅസ്ഹാബ്, വാല്യം 3, ദിക്റു ഉമയ്ർ ബിൻ അദിയ്യ് അൽഖിത്മീ, പേജ് 291, മക്തബ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)

രണ്ടാമത്തെ കാര്യം, ഘാതകന്റെ പേര് അധികം സ്ഥലങ്ങളിലും ഉമയ്ർ ബിൻ അദിയ്യ് എന്നാണ് വന്നിട്ടുള്ളത്. എന്നാൽ, ചിലർ അംറ് ബിൻ അദിയ്യാണെന്ന് പറയുന്നു.(ജവാമിഉസ്സീറത്തു ലിഇബ്നി ഹസം, പേജ് 19,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2003)

അതേസമയം ഇബ്നു ദുറയ്ദിന്റെ വീക്ഷണത്തിൽ ഘാതകന്റെ പേര് ഗിശ്മീർ എന്നാകുന്നു. (ശറഹ് സുർഖാനീ അലൽമവാഹിബില്ലദുന്നിയ ഭാഗം 2, പേജ് 342, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)

എന്നാൽ, ചില നിവേദനങ്ങനുസരിച്ച് മുകളിൽപറഞ്ഞവരിൽ ആരുമല്ല ഘാതകർ പ്രത്യുത ആ സ്ത്രീയുടെ ജനതയിൽപ്പെട്ട ഏതോ വ്യക്തിയാണ് വധിച്ചത്. അവൾ ഈത്തപ്പഴം വിൽക്കുമ്പോഴാണ് വധിച്ചത്.(ശറഹ് സുർഖാനീ അലൽമവാഹിബില്ലദുന്നിയ ഭാഗം 2, പേജ് 344, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996) ഇബ്നു സഅ്ദ് പറഞ്ഞതനുസരിച്ച് വധിച്ച സമയം അർദ്ധ രാത്രിയായിരുന്നു. പക്ഷേ, സുർഖാനിയുടെ നിവേദനത്തിൽ പകലോ വൈകുന്നേരമോ ആണെന്ന് പറയുന്നു. കാരണം നിവേദനമനുസരിച്ച് അവൾ ആ സമയത്ത് ഈത്തപ്പഴം വിൽക്കുകയായിരുന്നു. (അത്ത്വബക്കാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് വാല്യം 2, പേജ് 21, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)(ശറഹ് സുർഖാനീ അലൽമവാഹിബില്ലദുന്നിയ ഭാഗം 2, പേജ് 344, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)

ഇനി അവരുടെ നിവേദന രീതിയിലും ഭിന്നത പ്രകടമാണ്. കഴുത്തുഞെരിച്ച് കൊന്നുവെന്നും വയറ്റിൽ കഠാരയോ മറ്റോ കുത്തിയിറക്കി കൊന്നുവെന്നും രാത്രി ഉറങ്ങുമ്പോഴാണ് വധിച്ചതെന്നും അവളിൽനിന്ന് ഈത്തപ്പഴം വാങ്ങാനെന്ന വ്യാജേന അവളുടെ വീട്ടിലെത്തി കഴുത്തു ഞെരിച്ച് കൊലപ്പെടുത്തിയെന്നുമെല്ലാം പറയുന്നു.

സീറത്ത് ഇബ്നു ഹിശാമിന്റെ വീക്ഷണത്തിൽ അബൂഅഫഖ വധിക്കപ്പെട്ടതിനുശേഷം അവൾ മുനാഫിഖായി മാറി. ഈ വാക്കുകളിൽ നിന്ന് മനസ്സിലാകുന്നത് അവൾ ആദ്യം മുസ്ലിമായിരുന്നുവെന്നും പിന്നീട് അബൂഅഫഖിന്റെ വധത്തെ കുറിച്ച് കേട്ടപ്പോൾ മുനാഫിഖായി മാറി എന്നുമാണ്. അവൾ നേരത്തെ മുസ്ലിമായിരുന്നുവെങ്കിൽ നബി(സ)തിരുമേനിയെ ഇകഴ്ത്തിക്കൊണ്ട് എങ്ങനെയാണ് കവിത എഴുതുക?

വാഖ്ദിയുടെ നിവേദനത്തിൽ പറയുന്നു, ഉമയ്ർ പറഞ്ഞു: അല്ലാഹുവേ! ഞാൻ നിന്നോട് ഒരു നേർച്ച നേർന്നിട്ടുണ്ട്, നബി(സ)തിരുമേനി മദീനയിൽ തിരിച്ചെത്തിക്കഴിഞ്ഞാൽ ഞാൻ തീർച്ചയായും ആ സ്ത്രീയെ വധിക്കുന്നതാണ്. ദാഇറത്തുൽ മആരിഫ് എന്ന ഗ്രന്ഥത്തിലെ നബി(സ)തിരുമേനിയുടെ ചരിത്രത്തിൽ പറയുന്നതനുസരിച്ച് ഉമയ്ർ അന്ധനായിരുന്നതുകൊണ്ട് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. ഇതേ ഗ്രന്ഥകാരൻ ഈ സംഭവത്തിന്റെ വിവരണത്തിൽ ഇദ്ദേഹം അന്ധനായിരുന്നുവെങ്കിലും ജിഹാദിൽ പങ്കെടുത്തിരുന്നുവെന്ന വാഖ്ദിയുടെ വാക്കുകൾ ഉദ്ധരിച്ചിട്ടുണ്ട്.(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), പേജ് 428-429, ദാറുൽമആരിഫ് ലാഹോർ 2022)(കിതാബുൽമഗാസി ലിൽവാഖ്ദി, വാല്യം 1, പേജ് 161, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2013)

ഇതിൽ സ്വയമേവ തെറ്റായ നിവേദനങ്ങളെ കൂട്ടിക്കുഴക്കുകയാണ്. ഇത് കാൽപ്പനികവും കെട്ടിച്ചമച്ചതുമായ കഥയല്ലെങ്കിൽ ചരിത്ര ഗ്രന്ഥങ്ങളായ ത്വിബ്രി, ഇബ്നു കഥീർ തുടങ്ങിയവയിൽ എന്തുകൊണ്ട് ഈ സംഭവം പരാമർശിച്ചിട്ടില്ല? ത്വബഖാത്തുൽ കുബ്റാ, ഇബ്നു സഅ്ദ് തുടങ്ങിയ ഗ്രന്ഥങ്ങളിൽ പൊതുവായി പറഞ്ഞു പോകുന്നുണ്ടെന്ന് മാത്രം. എന്നാൽ, ചില ഗ്രന്ഥങ്ങൾ ഈ സംഭവത്തെ സംബന്ധിച്ച് പരാമർശിക്കുക പോലും ചെയ്തിട്ടില്ല. പക്ഷേ, വാഖ്ദി ഈ സംഭവത്തെ അത്യാവശ്യം നല്ല പോലെ വിവരിച്ചിട്ടുണ്ട്.

ഹദീഥു ഗ്രന്ഥങ്ങളിലും ഈ സംഭവത്തെപ്പറ്റി പരാമർശങ്ങളൊന്നും കാണുന്നില്ല. വാസ്തവത്തിൽ ഹദീഥ് ഗ്രന്ഥകർത്താക്കൾ നബി(സ) തിരുമേനിയിലേക്ക് ചേർത്തു പറയുന്ന നിവേദനങ്ങൾക്കെല്ലാം തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഇടം നൽകിയിട്ടുണ്ട്. എന്നിരിക്കെ ഈ സംഭവം എന്തുകൊണ്ട് ചേർത്തില്ല? പിന്നെ നിവേദനമനുസരിച്ച് നബി(സ)തിരുമേനിയാണ് ഈ സ്വഹാബിയെ ആ സ്ത്രീയെ വധിക്കാൻ പറഞ്ഞയച്ചതെങ്കിൽ സ്വഹാബി നബി(സ)തിരുമേനിയോടു ആ സ്ത്രീയെ വധിച്ച കാരണത്താൽ താൻ പാപിയാകുമോ എന്ന് ചോദിക്കുന്നതിലെ യുക്തി എന്താണ്? ഇതിനെ കുറിച്ച് ഞാൻ നേരത്തേയും പറഞ്ഞിരുന്നു.

ഇങ്ങനെയൊരു സംഭവം ഉണ്ടായിരുന്നെങ്കിൽ മുസ്ലിമീങ്ങൾ അസ്മാ ബിൻത് മർവാനിനെ വധിച്ചുകൊണ്ട് ഉടമ്പടി ലംഘിച്ചുവെന്നും മദീനയിൽ സമാധാന ഭംഗമുണ്ടാക്കാൻ ശ്രമിക്കുന്നുവെന്നും യഹൂദികൾ തീർച്ചയായും പറയുമായിരുന്നു. എന്നാൽ, ചരിത്രകാരന്മാർ ഉദാഹരണമായി ഉറൂസുൽ അനഫ്, താരീഖുത്വിബ്രി തുടങ്ങിയവ മുസ്ലിമീങ്ങളും യഹൂദികളും തമ്മിലുണ്ടായ ആദ്യത്തെ യുദ്ധം ബനൂ ഖയ്നഖാഅ് യുദ്ധമായിരുന്നുവെന്ന് പറയുന്നു. (അർറൗളുൽഅൻഫ്, വാല്യം 3, പേജ് 225, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(താരീഖുത്വബരി, വാല്യം 2, പേജ് 48, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

യഹൂദികളുടെതന്നെ ഒരുവിധ പ്രതികരണവും ഇതുസംബന്ധമായി കാണാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ ഇക്കാര്യങ്ങളെല്ലാം പ്രസ്തുത കഥ സംശയാസ്പദവും അടിസ്ഥാനരഹിതവുമാണെന്ന് വ്യക്തമാക്കുന്നു. തീവ്രവാദികളായ മുല്ലാക്കൾ ഇത്തരം കാര്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഇസ്ലാമിന്റെ സുന്ദരമായ അധ്യാപനങ്ങൾക്ക് കളങ്കമുണ്ടാക്കുകയാണ് ചെയ്യുന്നത്. ഇന്ന് ഇത്തരം കാൽപ്പനിക കഥകളുണ്ടാക്കി മൗലവിമാർ അഹ്മദികൾക്കെതിരിലും തീവ്രവാദം പ്രകടിപ്പിച്ചുകൊണ്ട് ജനങ്ങളെ ഇളക്കിവിടുകയാണ്.

രണ്ടാമത്തെ സംഭവവും ഇതിനോട് താദാത്മ്യമുള്ളതുതന്നെയാണ്. ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്. അതും തെറ്റായ കാര്യമാണെന്ന് വളരെ വ്യക്തമായും മനസ്സിലാകുന്നുണ്ട്. (വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി, ഡി.ടി.പി: പി.എം. വസീം അഹ്മദ് ചേലക്കര)

---

**128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തീയതികളിൽ സംഘടിപ്പിക്കുന്നതാണ്.**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടുകൂടി നിയ്യത്ത് വെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനൽ ജസാഇ(നാളിർ ഇസ്ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

**വിവാഹാവസരത്തിലെ ഡാൻസും പാട്ടും**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: വിവാഹാവസരങ്ങളിൽ ശരീഅത്തിന്റെ അടിസ്ഥാനത്തിൽ പാട്ടുപാടുക അനുവദനീയമാണ്. എന്നാൽ, അത് ഉപദ്രവമുണ്ടാക്കാത്തതോ മതപരമോ ആയിരിക്കേണ്ടതാണ്. (അൽഫള്ൽ 1945

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin